നം.കെ.എസ്.എ.പി.റ്റി.എ.പി6.131/19 തീയതി :12.03.2019

പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപ്പഞ്ചായത്ത് 16-8-2017 മുതൽ 26.01.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 28.01.2019 മുതൽ 07.2.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ.സി.അനിൽകുമാർ , ഓഡിറ്റ് ഓഫീസർ(ഹഗ്രേ)<br>ശ്രീമതി കവിത റ്റി. എം, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ജയപ്രഭ.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.എസ്.ശ്രീകുമാർ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മോഹൻരാജ് ജേക്കബ് | 1-4-2017 മുതൽ 31-3-2018വരെ |
| ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി.വൽസമ്മ പുരുഷോത്തമൻ | 1-4-2017 മുതൽ 31-3-2018വരെ |
| ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ.മഞ്ചീഷ് മാത്യു | 1-4-2017 മുതൽ 31-3-2018വരെ |
| ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി.തങ്കമണിതങ്കൻ | 1-4-2017 മുതൽ 31-3-2018വരെ |
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി.ബിന്ദു സുധീപ് | 1-4-2017 മുതൽ 31-3-2018വരെ |
| സെക്രട്ടറി | (1)ശ്രീ. പി.കെ ജയൻ<br>(2)ശ്രീമതി എം.എസ്.ശ്രീലത (അഡീഷണൽ ചാർജ്) | 01.04.2017 മുതൽ 16.06.2017 വരെ<br>17.06.2017മുതൽ 13.07.2017 വരെ |

| | | |
|---|---|---|
| | (3)ശ്രീ.എൻ.കുമാരസ്വാമി | 14.07.2017മുതൽ<br>31.03.2018 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2017-18
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2017-18

സൂചിക


| ക്രമനം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1: പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | വാർഷിക കണക്കിൽ പരിഹരിക്കാൻ അവശേഷിക്കുന്ന അപാകതകൾ | 1-4 |
| 5 | സാമ്പത്തിക വിശകലനം | 1-5 |
| 6 | ഫണ്ട് വിനിയോഗം | 1-6 |
| 7 | പദ്ധതി അവലോകനം | 1-7 |
| 8 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-8 |
| 9 | തനത് വരുമാനം | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-1 |
| 13 | അനധികൃത ഇറച്ചി വ്യാപാരം; പഞ്ചായത്തിന് വരുമാന നഷ്ടം | 2-2 |
| 14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ 1.62ലക്ഷം രൂപ ഈടാക്കാൻ അവശേഷിക്കുന്നു | 2-3 |
| 15 | കടമുറികൾക്ക് തുച്ഛമായ വാടക ഈടാക്കുന്നു | 2-4 |

| | | |
|---|---|---|
| 16 | വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല | 2-5 |
| 17 | മൊബൈൽ ടവറുകളുടെ ജനറേറ്റർ  റൂമിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ വരുമാനത്തിൽ കുറവുണ്ടാകുന്നു | 2-6 |
| 18 | റബർ ബോർഡിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല-തനത് വരുമാനത്തിൽ ഓരോ വർഷവും ലക്ഷങ്ങളുടെ നഷ്ടം | 2-7 |
| 19 | ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാലതാമസം | 2-8 |
| 20 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല | 2-9 |
| 21 | തൊഴിൽ നികുതി നിർണ്ണയം - രേഖകൾ പരിശോധിച്ചതിലെ അപാകതകൾ | 2-10 |
| | ഭാഗം 3 ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 22 | സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു | 3-1 |
| 23 | പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-2 |
| 24 | കരാർ ചമയ്ക്കുന്നതിനുള്ള കാലതാമസത്തിന് പിഴ ചുമത്തിയില്ല | 3-3 |
| 25 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല | 3-4 |
| 26 | അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി വയ്ക്കുന്നതിൽ അപാകത | 3-5 |
| 27 | പ്രാഥമികാരോഗ്യകേന്ദ്രത്തിന് മരുന്നു വാങ്ങൽ-മരുന്നുകൾ ലഭ്യമായില്ല | 3-6 |
| 28 | കരാർ ചമയ്ക്കാത്ത പ്രവൃത്തി സ്പിൽ ഓവറായി തുടരുന്നു | 3-7 |
| 29 | ഓഡിറ്റ് ഇംപാക്ട്- വീട് പുനരുദ്ധാരണത്തിന് അധികം നൽകിയ സബ്സിഡി തുക തിരികെ ഒടുക്കി | 3-8 |
| 30 | കാർഷിക മേഖല-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-9 |
| 31 | വീട് വാസയോഗ്യമാക്കി മാറ്റൽ-സബ്സിഡി അധികം നൽകി | 3-10 |
| 32 | ഉത്ഘാടനച്ചെലവുകൾക്ക് അധികം ചെലവഴിച്ചത് 24720 രൂപ | 3-11 |
| 33 | പൊതു ടാപ്പുകളുടെ വെള്ളക്കരം അടയ്ക്കുന്നില്ല-ഫൈൻ തുക പെരുകുന്നു | 3-12 |
| 34 | തെരുവു വിളക്കുകൾ വാങ്ങലും അറ്റകുറ്റപ്പണികളും - പദ്ധതികളുടെ നിർവ്വഹണത്തിലെ അപാകതകൾ | 3-13 |
| 35 | മതിയായ ജീവനക്കാരില്ലാതെ പി.എച്ച്.സിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു | 3-14 |
| 36 | എസ്റ്റിമേറ്റ് ലഭിക്കാതെ തുക നൽകി | 3-15 |
| 37 | ട്രാൻസ്പോർട്ടേഷൻ ചാർജ് അധികം നൽകി | 3-16 |
| 38 | അങ്കണവാടികൾ -ഭൗതിക സാഹചര്യനില | 3-17 |

| | | |
|---|---|---|
| 39 | മാനസിക -ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- അർഹമായ ആനുകൂല്യം നൽകുന്നില്ല | 3-18 |
| 40 | ശമ്പള പരിഷ്കരണ കുടിശ്ശിക നൽകിയത് - അപാകതകൾ | 3-19 |
| | ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 41 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 44 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയ്യതി | 17-3-2017 |
| ബജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയ്യതി | 27-3-2017 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയ്യതി | 24-2-2018 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിന്റെ ഉപവകുപ്പ് 1 പ്രകാരം വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും, നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ഉപവകുപ്പ് 1(എ) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ 17.03.2017-ലും ജനറൽ കമ്മിറ്റിയിൽ 27.03.2017-ലുമാണ് ബജറ്റ് പാസ്സാക്കിയിട്ടുള്ളത്. ഇത് പഞ്ചായത്ത് രാജ് ചട്ടങ്ങളുടെ അന്തഃസത്തയ്ക്കു വിരുദ്ധമാണ്.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 3821342 | 5833411 | (+)2012069 |
| വരവ് | 115593384 | 73749542 | (-)41843842 |
| ആകെ | 119414726 | 79582953 | (-)39831773 |
| ചെലവ് | 112583538 | 72167477 | (-)40416061 |
| നീക്കിയിരിപ്പ് | 6831188 | 7415476 | 584288 |

സ്ഥാപനത്തിന് ലഭിക്കാൻ സാദ്ധ്യതയുള്ള വരവുകളും സ്ഥാപനത്തിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ള ചെലവിനങ്ങളും കൃത്യമായി വിലയിരുത്തി യുക്തിസഹമായി ബജറ്റ് തയ്യാറാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-2018 | 31-7-2018 | 15-5-2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയ തീയതി |
|---|---|
| 2017-2018 | 12.07.2018 |

## 1-4 വാർഷിക കണക്കിൽ പരിഹരിക്കാൻ അവശേഷിക്കുന്ന അപാകതകൾ

വസ്തുനികുതി ഡിമാന്റ്, വരവ്, ബാലൻസ് തുകകൾ ധനകാര്യപത്രികയിലെ I-1, RP-43, B-15 എന്നീ ഷെഡ്യൂളുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 5833411 |
| വരവ് | 73749542 |
| ആകെ | 79582953 |
| ചെലവ് | 72167477 |
| നീക്കിബാക്കി | 7415476 |

## 1-6 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | *തൻവർഷ വരവ്* | *ചെലവ്* | *നീക്കിബാക്കി* |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 14682000 | 14682000 | 11266629 | 3415371 |
| എസ്.സി.പി | 4069000 | 4066515 | 3875375 | 191140 |
| ടി.എസ്.പി | 5324000 | 5321837 | 5321460 | 377 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 7749000 | 7749000 | 7674037 | 74963 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | 3465000 | 3465000 | 2858956 | 606044 |
| സി.എഫ്. സി ഗ്രാന്റ് | 6108934 | 10623380 | 3904894 | 6718486 |
| ലോകബാങ്ക് | 20271312 | 20271312 | 16916994 | 3354318 |

## 1-7 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|
| 190 | 146 | 44 | 77 |

## 1-8 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 23 | 19 | 7803940 | 4825391 | 61.83 |
| അസിസ്റ്റന്റ് സെക്രട്ടറി | 22 | 17 | 9105000 | 3732580 | 40.99 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 78 | 52 | 43611438 | 24284558 | 55.68 |
| വി.ഇ.ഒ | 18 | 10 | 11862000 | 7532500 | 63.5 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 3 | 3 | 580000 | 579880 | 99.98 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 12 | 11 | 6086283 | 5672653 | 93.2 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 2544950 | 2216541 | 87.1 |
| കൃഷി ഓഫീസർ | 10 | 10 | 3601550 | 3451550 | 95.84 |
| വെറ്ററിനറി സർജൻ | 10 | 10 | 3030000 | 898000 | 29.64 |
| എച്ച്.എം, ഗവ. എൽപിഎസ് | 10 | 10 | 957075 | 482117 | 50.37 |
| ഡയറി | 1 | 1 | 100000 | 949068 | 94.91 |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1. അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം 78 പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവെങ്കിലും 55 എണ്ണം മാത്രമാണ് നടപ്പാക്കിയത്. നടപ്പാക്കിയ നാലു പ്രവൃത്തികളുടെ ബിൽ സമയബന്ധിതമായി സമർപ്പിക്കാതിരുന്നതു മൂലം ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തുകയും തുക ചെലവഴിക്കാൻ സാധിക്കാതെ വരികയും ചെയ്തു. ഇതിൽ 17 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളിൽ ആയിരുന്നു. പ്രസ്തുത പ്രവൃത്തികളിൽ 12 എണ്ണം മാത്രമാണ് നടപ്പാക്കിയത്. 5 പ്രവൃത്തികൾ നടപ്പാക്കാതിരുന്നത് മൂലം വകയിരുത്തിയ 2287000/- രൂപ ലാപ്സായി. സ്പിൽ ഓവർ പ്രവൃത്തികൾ അതേ വർഷം നടപ്പാക്കാതെ ഫണ്ട് ലാപ്സാക്കുന്ന പ്രവണത ആവർത്തിക്കാതിരിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.
2. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ട് തയ്യാറാക്കുന്നത്. വാർഡ് അടിസ്ഥാനത്തിലുള്ള വികസനം എന്ന സങ്കുചിത കാഴ്ച്ചപ്പാടിൽ നിന്നും മാറി ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന തരത്തിൽ രണ്ടോ മൂന്നോ വാർഡുകളിൽ ഉൾപ്പടുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പദ്ധതികൾ തയ്യാറാക്കുന്നതിന് അസി.എഞ്ചിനിയർ കൺവീനറായുള്ള പൊതുമരാമത്ത് (ഊർജ്ജം ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പ് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.
3. റോഡ് പ്രവൃത്തികൾക്ക് തൻ വർഷം ജില്ലാ പഞ്ചായത്ത് ഫണ്ട്, എം.പി/ എം.എൽ.എ ഫണ്ട് ഉൾപ്പെടുത്തിക്കൊണ്ട് പ്രോജക്ട് ആവിഷ്കരിച്ചട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി നിലവാരവും ഗുണമേന്മയും ഉറപ്പ് വരുത്തിക്കൊണ്ടുള്ള റോഡ് വികസനം സാധ്യമാകത്തക്ക തരത്തിൽ എം.പി/ എം.എൽ.എ ഫണ്ട് ഉൾപ്പെടുത്തിയുള്ള സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ വികസന സ്റ്റാന്റിംഗ് ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്.
4. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മയും നടത്തിപ്പിലെ സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി നിർമ്മാണത്തിലെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പ് നടത്തേണ്ടത് അനിവാര്യമാണ്. മരാമത്ത് പ്രവൃത്തിയുടെ ഫയലിൽ ഒന്നിലും തന്നെ മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി പ്രവർത്തനങ്ങളിൽ മോണിട്ടറിംഗ് ശക്തമാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതാണ്.
5. തെരുവ് വിളക്കുകളുടെ പരിപാലനം, സ്ട്രീറ്റ് ലൈൻ നീട്ടൽ എന്നീ പദ്ധതികളാണ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഊർജ്ജ മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ളത്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ പ്രോത്സാഹനത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ പതിമൂന്നാം പദ്ധതി കാലയളവിൽ ഏറ്റെടുത്തിട്ടില്ല. മോണിട്ടറിംഗ് ശക്തമല്ലാത്തതിനാൽ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് നടപ്പിലാക്കുന്നതിനുള്ള ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. കത്താത്ത തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ് ഒടുക്കുന്നത് മൂലം ചെലവ് നഷ്ടം ഉണ്ടാകുന്നു.
6. 2അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിനും ഒരു അങ്കണവാടിയുടെ മെയിന്റനൻസിനും തൻ വർഷം സ്പിൽ ഓവർ പ്രോജക്ട് ആവിഷ്കരിച്ചിരുന്നുവെങ്കിലും ഒന്നുപോലും നടപ്പാക്കിയില്ല. പ്രോജക്ടുകൾ നടപ്പാക്കാതെ സ്പിൽ ഓവറാക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും നിർദ്ദേശം ഉണ്ടകേണ്ടതാണ്.

## 1-9 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 596230 | 639950 | 43720 | 7.33 |
| നികുതിയേതര വരവുകൾ | 333922 | 668290 | 334368 | 100.13 |
| മറ്റ് വരവുകൾ | 5459268 | 5919000 | 459732 | 8.42 |
| ആകെ | 6389420 | 7227240 | 837820 | 13.11 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.2.2019ന് 4PM ന് സ്ഥാപനത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 26300 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 22.01.2019 | 12/2018 വരെ | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 07.09.2018 | 1997-98 മുതൽ 2007-08 വരെ | 26-11-2018 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

എ)(1) വെറ്റിനറി സർജൻ -ഗുണഭോക്തൃവിഹിതംപിരിച്ചത് പഞ്ചായത്തിൽ അടവാക്കിയില്ല

വെറ്റിനറി സർജന് അനവദിച്ചിരുന്ന രസീത് ബുക്ക് നമ്പർ 25921ന്റെ 3-ാം നമ്പർ രസീത് ഉപയോഗിച്ച് കറവപ്പശു വളർത്തൽ (എസ്സ്.സി) എന്ന പ്രോജക്ടിലെ ഗുണഭോക്തൃവിഹിതയിനത്തിൽ 7/1/2019 ൽ പിരിച്ച 20000 രൂപ നാളിതുവരെ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1ലെ അനുഛേദം 7 പ്രകാരവും 2011ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടത്തിലെ റൂൾ 23പ്രകാരവും ഒരു ഉദ്യോഗസ്ഥൻ കാഷ്, മണിയോഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകൾ 500രൂപയിൽ അധികമാവുകയാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/7.2.2019) വെറ്റിനറി സർജനിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.പണാപഹരണമായിഓഡിറ്റ് വിലയിരുത്തുന്നു. ഗുണഭോക്തൃവിഹിതയിനത്തിൽ പിരിച്ച20000രൂപ പഞ്ചായത്തിൽ അടിയന്തരമായി ഒടുക്ക് വരുത്തണം. ആഭ്യന്തര നിയന്ത്രണത്തിലുണ്ടായ വീഴ്ച ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

(2)രസീതുകളിൽ തീയതി രേഖപ്പെടുത്തുന്നില്ല

വെറ്റിനറി സർജന് അനവദിച്ചിരുന്ന രസീത് ബുക്കിലെ പല രസീതുകളിലും തീയതി രേഖപ്പെടുത്തുന്നില്ല.

(3)ഒരേ സമയം രണ്ട് രസീതുബുക്കുകൾ ഉപയോഗിക്കുന്നു

ഒരേ സമയം രണ്ട് രസീതുബുക്കുകൾ(25777 ,25921,) ഉപയോഗിച്ച് ഗുണഭോക്തൃവിഹിതം പിരിക്കുന്നു. 25777 എന്ന രസീതുബുക്കിന്റെ 5 രസീതുകൾ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. 95രസീതുകൾ ഉപയോഗിക്കുവാൻ ബാക്കിയുള്ളപ്പോൾ 25921 എന്ന രസീതുബുക്ക് പഞ്ചായത്തിൽ നിന്നും വാങ്ങുകയും ഈ രസീതുബുക്ക് ഉപയോഗിച്ച് ഗുണഭോക്തൃവിഹിതം പിരിക്കുകയും ചെയ്യുന്നു. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീത് ബുക്ക് പൂർണ്ണമായി ഉപയോഗിച്ചു എന്ന് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രമേ പുതിയ രസീത് ബുക്ക് നൽകാൻ പാടുള്ളൂ. ഇന്നാൽ ഇവിടെ ഒരേ സമയം രണ്ട് രസീത് ബുക്കുകൾ ഉപയോഗിച്ച് ഗുണഭോക്തൃ വിഹിതം പിരിക്കുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി)അസിസ്റ്റന്റ് എൻജിനീയർക്ക്അനവദിച്ചിരുന്ന രസീത് ബുക്കുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ

(1)ക്യാൻസൽ ചെയ്ത രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നില്ല

അസിസ്റ്റന്റ് എൻജിനീയർക്ക് അനവദിച്ചിരുന്ന രസീത് ബുക്ക് നമ്പർ 17731-ാം നമ്പർ രസീത് ബുക്ക് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

എ)രസീത് നമ്പർ 1മുതൽ 12 വരെയുള്ളവ ക്യാൻസൽ ചെയ്തിട്ടുണ്ട്. എന്നാൽ ഈ രസീതുകളുടെ ഡ്യൂപ്ലിക്കേറ്റ് ഇതൊടൊപ്പം സൂക്ഷിച്ചിട്ടില്ല. രസീതുകൾ ക്യാൻസൽ ചെയ്യാനുണ്ടായ സാഹചര്യം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ബി)13 മുതൽ 21 വരെയുള്ള രസീതുകളുടെ ഒറിജിനൽ കീറിയ നിലയിലാണ്.രസീതുകളുടെ ഡ്യൂപ്ലിക്കേറ്റ് മാത്രമേ രസീത് ബുക്കിലുള്ളൂ.

(2)കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

പഞ്ചായത്ത് അനവദിച്ചിരുന്ന രസീത് ബുക്ക് ഉപയോഗിച്ച് തുക പിരിക്കുമ്പോൾ നിർവ്വഹണോദ്യോഗസ്ഥർ കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.എന്നാൽ അസിസ്റ്റന്റ് എൻജിനീയർക്ക് അനവദിച്ചിരുന്ന രസീത് ബുക്ക് ഉപയോഗിച്ച് തുക പിരിക്കുമ്പോൾ കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 2-2 അനധികൃത ഇറച്ചി വ്യാപാരം; പഞ്ചായത്തിന് വരുമാന നഷ്ടം

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ ചട്ടം 40പ്രകാരം, ഇറച്ചിക്കടകളിൽ വിൽപ്പനയ്ക്കായി വച്ചിരിക്കുന്ന ഇറച്ചി, പൊതു കശാപ്പുശാലയിൽ വച്ചോ അല്ലെങ്കിൽ ആക്ടിലെ 230-ാം വകുപ്പ് പ്രകാരം ലൈസൻസ് ലഭിച്ചിട്ടുള്ള കശാപ്പുശാലയിൽ വച്ചോ കശാപ്പ് ചെയ്ത മൃഗത്തിന്റേത് ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഫോറം നമ്പർ 1-ൽ ലഭിച്ച ബുച്ചർ ലൈസൻസ് നേടിയിട്ടില്ലാത്തവർ കശാപ്പ് നടത്തുന്ന യാതൊരു അനധികൃത കശാപ്പ് ശാലകളും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുവാൻ അനുവദിക്കരുത്.എന്നാൽ മേൽ നിയമങ്ങൾ ലംഘിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പബ്ലിക് മാർക്കറ്റിനുള്ളിൽ അനധികൃതമായി ഇറച്ചി വിൽപ്പന നടക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അറവു ശാല സ്ഥാപിച്ച് ഇറച്ചി വ്യാപാരത്തിനുള്ള ലൈസൻസ് ലേലത്തിൽ നൽകാത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടവും ഉണ്ടാകുന്നു. 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 38 പ്രകാരം ഇറച്ചിക്കട ചില്ലുവച്ച് മറച്ചും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും വഴിയാത്രക്കാർ കാണാത്തവിധത്തിലും സൂക്ഷിക്കേണ്ടതുമാണ്.എന്നാൽ ഇവിടെ തുറസായ സ്ഥലത്താണ് ഇറച്ചി സൂക്ഷിക്കുന്നത്.

അനധികൃത അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യാത്തതിനാൽ അവ ഗുരുതരമായ ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാക്കുന്നു. ആധുനിക അറവുശാല സ്ഥാപിക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽപ്പെട്ട കാര്യമാണ്. കൂടാതെ 17.09.2009-ലെ 1173/ഡി.ബി.എസ്./09/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിൽ അംഗീകൃത അറവുശാലകൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി അവരുടെ അധികാര പരിധിക്കുള്ളിൽ വൃത്തിയും ശുചിത്വവുമുള്ള ആധുനിക അറവുശാലകൾ സ്ഥാപിക്കണമെന്ന് വ്യക്തമാക്കിയിട്ടുമുണ്ട്. ആധുനിക അറവുശാല സ്ഥാപിക്കുന്നതിനുള്ള യാതൊരു നടപടികളും നാളിതുവരെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമ പ്രകാരം മൃഗങ്ങളുടെ കശാപ്പ്, വില്പന എന്നിവ നിയന്ത്രിക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. മനുഷ്യന്റെ ആരോഗ്യത്തിന് മതിയായ സംരക്ഷണം ഉറപ്പാക്കുന്നതിന് പകർച്ചവ്യാധികളോ മറ്റ് രോഗങ്ങളോ ഇല്ലെന്ന് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയ മൃഗങ്ങളെ മാത്രമേ അംഗീകൃത അറവ് ശാലകളിൽ കശാപ്പ് ചെയ്ത് ഇറച്ചിക്കടകൾ വഴി വിൽപ്പന നടത്തുവാൻ പാടുള്ളൂ. മതിയായ സാധ്യതാ പഠനം നടത്തി ഒന്നിലധികം ഗ്രാമപഞ്ചായത്തുകളോ ത്രിതല പഞ്ചായത്തുകൾ സംയുക്തമായോ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിന് ഭരണസമിതി സജീവ പരിഗണന നൽകേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ 1.62ലക്ഷം രൂപ ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി വർഷങ്ങളായി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ജി.ഒ.(ആർ.റ്റി)നം.19/2011/തസ്വഭവ, തീയതി 14.01.2011 നമ്പർ ഉത്തരവ് പ്രകാരം മൊബൈൽടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400 രൂപയും കൂടിയ വസ്തുനികുതി 500 രൂപയുമാണ്. ഇതനുസരിച്ച് ച.മീറ്ററിന് 500 രൂപ നിരക്കിൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ടവർ ഉടമകളിൽ നിന്നും നാളിതുവരെ നികുതി ഈടാക്കിയിട്ടില്ല. നികുതി കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മൊബൈൽടവറുകളുടെ വിശദാംശം | വർഡ്നമ്പർ/കെട്ടിടനമ്പർ | പ്ലിന്ത് ഏരിയ ($m^2$) | നികുതി തുക | കുടിശ്ശിക (പിഴ പലിശ ഉൾപ്പടെ) |
|---|---|---|---|---|---|
| 1 | ഡി.ജി.എം ഇൻഡസ് ടവർ | 4/493 | 17 | 8034 | 42364 |
| 2 | ഡെപ്യൂട്ടി ജനറൽ മാനേജർ പി.എ ടെലികോം തിരുവല്ല | 8/525 A | 31 | 11393 | 77851 |
| 3 | ജനറൽ മാനേജർ റിലയൻസ് | 9/384 | 29 | 13702 | 39103 |
| | ആകെ | | | | 162579 |

കുടിശ്ശിക തുക പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4 കടമുറികൾക്ക് തുച്ഛമായ വാടക ഈടാക്കുന്നു

നാറാണംമൂഴി ബസ്സ്റ്റാൻഡിനോട് ചേർന്നാണ് ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ സ്ഥിതിചെയ്യുന്നത്. 37 കടമുറികളാണ് ഗ്രാമപഞ്ചായത്ത് മാസവാടകയ്ക്ക് നൽകിയിരിക്കുന്നത്. വളരെ തുച്ഛമായ മാസവാടകയാണ് ഈ കടമുറികൾക്ക് ഈടാക്കുന്നത്. 1000 രൂപയിൽ താഴെയാണ് 17 കടമുറികൾക്ക് നിശ്ചയിച്ചിരിക്കുന്ന മാസ വാടക. കടമുറികളുടെ വാടക കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല

| കടമുറി നമ്പർ | പേര് | മാസവാടക | കുടിശ്ശിക |
|---|---|---|---|

| | | | |
|---|---|---|---|
| 23 | ശാന്തമ്മ വർഗ്ഗീസ് | 999 | 11988 |

മേൽ പറഞ്ഞ വ്യക്തി 2017-18 സാമ്പത്തികവർഷം കട വാടകയിനത്തിൽ 11988 രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്. കുടിശ്ശിക അടവാക്കാതെ അതേ വ്യക്തി തന്നെയാണ് 2018-19 വർഷവും കടമുറി ഉപയോഗിക്കുന്നത്. 2018-19 വർഷത്തെ വാടകയും നാളിതുവരെ അടവാക്കിയിട്ടില്ല. ടി വ്യക്തിക്കെതിരെ ബൈലോ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 മൊബൈൽ ടവറുകളുടെ ജനറേറ്റർ റൂമിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ വരുമാനത്തിൽ കുറവുണ്ടാകുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത് 7 മൊബൈൽ ടവറുകളാണ്. പല ടവറിനും അനുബന്ധമായി ജനറേറ്റർ റൂമുകൾ ഉണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഒരു മൊബൈൽ ടവറിന്റെയും അനുബന്ധമായുള്ള ജനറേറ്റർ റൂമിന്റെയും വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. ഇതുമൂലം പഞ്ചായത്തിന് തനതുവരുമാനയിനത്തിൽ നഷ്ടം സംഭവിക്കുന്നു. എല്ലാ ടവറുകളുടേയും ജനറേറ്റർ റൂമിന്റെ വസ്തുനികുതി നിർണ്ണയിച്ച് ആയത് ഈടാക്കുന്നതിന് ഭരണസമിതിയുടേയും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 2-7 റബർ ബോർഡിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല-തനത് വരുമാനത്തിൽ ഓരോ വർഷവും ലക്ഷങ്ങളുടെ നഷ്ടം

പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങളിൽ ഒന്നാണ് തൊഴിൽ നികുതി.ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നത്.

നാറാണംമൂഴി പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റബ്ബർബോർഡിന്റെ ചേത്തക്കൽ സി.ഇ. എസിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് മൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകുന്നു. ഇവരിൽ നിന്നും അടിയന്തിരമായി തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-8 ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാലതാമസം

നികുതിയേതര വരുമാനമിനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-20017 ലെ സ.ഉ (സാധാ) നമ്പർ . 3186/2017 /ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നു.എന്നാൽ ആയതിന്റെ അടിസ്ഥാനത്തിൽ നാറാണംമൂഴി ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ അക്കൗണ്ട് തുടങ്ങിയിട്ടില്ല. 2017-18 വർഷവും മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിലേക്കാണ് ടെണ്ടർ ഫീസ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. അസി.എഞ്ചിനിയർ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 2015-16 മുതൽ 2017-18 വരെ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത ടെണ്ടർഫീയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്റ്റുകളുടെ എണ്ണം | ഒടുക്കിയ ടെണ്ടർഫീ | ജി.എസ്.ടി | തിരികെ ലഭിച്ച തുക | ബാലൻസ് |
|---|---|---|---|---|---|
| 2015-16 | 2 | 8400 | 0 | 0 | 47868 |
| 2016-17 | 4 | 26250 | 0 | | |
| 2017-18 | 3 | 11800 | 1418 | | |
| ആകെ | 9 | 46450 | 1418 | | |

2015-16 മുതൽ 17-18 വരെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീയിൽ നാളിതുവരെ ഗ്രാമ പഞ്ചായത്തിന് യാതൊരു തുകയും തിരികെ ലഭിച്ചിട്ടില്ല. കൂടാതെ ജി.എസ്.ടി ഇനത്തിൽ ഒടുക്കിയ തുകയും തിരികെ വാങ്ങി സർക്കാർ ഫണ്ടിലേക്ക് ഒടുക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (06/29-01-19) മറുപടിയായി ഇ-ടെണ്ടർ ഫീ സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്ക് അസി. എഞ്ചിനിയർ ലഭ്യമാക്കി. ഗ്രാമ പഞ്ചായത്തിന് തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാസമയം ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരാഞ്ഞതു മൂലം പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. തുക ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-9 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി നിയമം അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പ്രവൃത്തിമൂല്ല്യത്തിന്റെ ഒരു ശതമാനം തുക നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ഫണ്ട് ആയി ഈടാക്കേണ്ടതാണ്. പ്രസ്തുത നിയമത്തിലെ സെക്ഷൻ 3(3) അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന ക്ഷേമ നിധി ഫണ്ടിന്റെ ഒരു ശതമാനം തുക കളക്ഷൻ ചാർജ് ഇനത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ബാക്കിയുള്ള 99 % തുക മാത്രം ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുകയും ചെയ്യേണ്ടതാണ്. അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആറന്മുള ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച ക്ഷേമ നിധി വിഹിതത്തിന് കളക്ഷൻ ചാർജ് ഈടാക്കാതെയാണ് ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുള്ളത്. തൻവർഷം 241900/- രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ട് ഇനത്തിൽ മരാമത്ത് പ്രവർത്തികളുടെ ബില്ലിൽ നിന്നും പിടിച്ച് ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. പ്രസ്തുത തുകയുടെ ഒരു ശതമാനമായ 2419 രൂപ കളക്ഷൻ ചാർജായി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാമായിരുന്നു. കളക്ഷൻ ചാർജ് ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/02-02-19) മറുപടി ലഭ്യമാക്കിയില്ല. ക്ഷേമനിധി ഫണ്ടിൽ നിന്നും കളക്ഷൻ ചാർജ് ഈടാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 2-10 തൊഴിൽ നികുതി നിർണ്ണയം -രേഖകൾ പരിശോധിച്ചതിലെ അപാകതകൾ

1)സ്ഥാപനങ്ങൾ വാർഷിക റിട്ടേൺ സമർപ്പിക്കുന്നില്ല

| |
|---|
| ഡോ.സി.സി.ബാബു മെമ്മോറിയൽ മെഡിക്കൽ സെന്റർ |
| ജി.ജിസ് പേപ്പർ പ്രൊഡക്ട് |
| സെന്റ്ജോസഫ്എ ച്ച്എസ് നാറാണംമൂഴി |

2) ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം കണക്കാക്കിയതിൽ ലീവ് സറണ്ടർ ഉൾപ്പെടുത്തിയിട്ടില്ല

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് |
|---|---|
| ഫോറസ്ററ് സ്റ്റേഷൻ കുന്നകുളം | എ.കെ.സാബുക്കുട്ടൻ |
| ,, | പി.എൻ.മധു |
| ,, | ഒ.ആർ.ശശാങ്കൻ |
| ഡിസ്ട്രിക്റ്റ് കോ.ഓ.ബാങ്ക് | സുമോൾ.എസ്. നായർ |
| പി.എച്ച്.സി.നാറാണംമൂഴി | സലിജ.പി.ആർ. |
| വെറ്ററിനറി ഡിസ്പെൻസറി കുക്കുടുമൺ | കമലാദേവി |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു

സ.ഉ.(എം.എസ്.) നമ്പർ 4/2016/തസ്വഭവ, തിരു., തീയതി: 11-01-2016 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ അനുസരിച്ച് തദ്ദേശ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെ സംരക്ഷണം, പരിപാലനം, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, പരിപാലനം എന്നിവയ്ക്ക് പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. റോഡ് കോൺക്രീറ്റിംഗ്, കലുങ്ക് പോലെയുള്ള ആസ്തികളുടെ നിർമ്മാണത്തിന് പ്രസ്തുത ഗ്രാന്റ് വിനിയോഗിക്കരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.18-09-17 ലെ ഡി.എ1/ 672/2017/ തസ്വഭവ ഉത്തരവ് അനുസരിച്ച് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് ഏറ്റെടുക്കണമെങ്കിൽ ആയത് അനിവാര്യമാണെന്ന് അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തി പ്രത്യേകിച്ച് റിക്വസ്റ്റ് ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ അത്തരത്തിൽ യാതൊരു റിക്വസ്റ്റും ഇല്ലാതെയാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് താഴെപ്പറയുന്ന പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | ബിൽ നം./തീയതി |
|---|---|---|---|---|
| | | വകയിരുത്തിയ തുക | ചെലവഴിച്ച തുക | |
| 1. | ആറാട്ടുപുഴ രാജൻ പടി ഓലിക്കൽ പുരുഷോത്തമൻ പടി റോഡ് കോൺക്രീറ്റിംഗ് (63/18) | 200000 | 199808 | 21/17-18/ 27-01-18 |
| 2. | വാനത്ത്മുറി പഞ്ചാര മുക്ക് റോഡ് | 250000 | 249900 | 44/17-18/ 24-02-18 |

| | | | | |
|---|---|---|---|---|
| | കോൺക്രീറ്റിംഗ് (57/18) | | | |
| 3. | കട്ടിക്കല്ല് വാറ് ചാൽ റോഡ് കോൺക്രീറ്റിംഗ് (66/18) | 200000 | 199801 | 20/17-18/ 27-01-18 |
| 4. | വാഴക്കാലാ പടി തെക്കേ പറമ്പ് റോഡ് കോൺക്രീറ്റിംഗ് (56/18) | 140000 | 139907 | 26/17-18/ 08-02-18 |
| 5. | വന്നിരപ്പൻ മൂഴി 50 ഏക്കർ റോഡ് കോൺക്രീറ്റിംഗ് (71/18) | 150000 | 149910 | 43/17-18/ 22-02-18 |
| 6. | പൂപ്പള്ളി ബഥനിമല റോഡ് കോൺക്രീറ്റിംഗ് (72/18) | 145483 | 145483 | 50/17-18/ 28-02-18 |
| 7. | വാലേൽപ്പടി ച്ചട്ടിപ്പാറ റോഡ് കോൺക്രീറ്റിംഗ് (62/18) | 200000 | 199808 | 46/17-18/ 24-02-18 |
| 8. | കുരുമ്പൻമൂഴി മണക്കയം റോഡ് കോൺക്രീറ്റിംഗ് (132/18) | 82542 | 82542 | 23/17-18/ 30-01-18 |
| 9. | കുളമാങ്കുഴി പഞ്ചാരമുക്ക് റോഡ് കോൺക്രീറ്റിംഗ് (138/18) | 300000 | 299963 | 16/17-18/ 27-01-18 |
| 10. | ഉന്നത്താനി കോലമല റോഡ് കോൺക്രീറ്റിംഗ്(69/18) | 150000 | 149910 | 54/17-18/ 28-02-18 |
| 11. | വരമ്പനാലിൽ പടി ച്ചട്ടിപ്പാറ റോഡ് കോൺക്രീറ്റിംഗ് (60/18) | 200000 | 199808 | 45/16-17/ 24-02-18 |
| 12. | ഉന്നത്താനി സ്വാമിപ്പടി റോഡ് കോൺക്രീറ്റിംഗ്(70/18) | 140000 | 139907 | 53/17-18/ 28-02-18k |
| 13. | കപ്പയ്ക്കൽപ്പടി റബ്ബർ ബോർഡ് റോഡ് കോൺക്രീറ്റിംഗ് (54/18) | 250000 | 249886 | 47/17-18/ 24-02-18 |
| 14. | ചെറുകുന്നേൽപ്പടി കാലായിൽപ്പടി റോഡ് കോൺക്രീറ്റിംഗ് (68/18) | 100000 | 99834 | 42/17-18/ 22-02-18 |
| 15. | ആറാട്ടുപുഴ രാജൻ പടി ഓലിക്കൽ പുരുഷോത്തമൻ പടി റോഡ് കോൺക്രീറ്റിംഗ് (63/18) | 200000 | 199808 | 21/17-18/ 27-01-18 |
| | ആകെ | | 2706275 | |

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 2706275/- രൂപ ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/07-02-19) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ടി 2706275/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401. 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യൂ.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രൊക്വയർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. തൻ വർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലും

പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഈ വിഷയത്തിൽ യാതൊരു താല്പര്യവും കാണിക്കുന്നില്ല. പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ജില്ലാ പഞ്ചായത്തിൽ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രവർത്തന സജ്ജമാക്കിയിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധേയമാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിന്മേൽ ചർച്ച നടത്തി വേണ്ട നിർദ്ദേശങ്ങൾ ഭരണ സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടില്ലാത്തത് മേൽനോട്ട ചുമതലയിലെ വീഴ്ച്ചയാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്താതിരുന്നത് അത്യന്തം ഖേദകരമായ കാര്യമാണ്. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതു പ്രകാരമുള്ള നിർമ്മാണ സാമഗ്രികൾ ജില്ലയിൽ ലഭ്യമല്ലാത്ത സാഹചര്യത്തിലും (പ്രത്യേകിച്ചും നിശ്ചിത അനുപാതത്തിലും അളവിലുമുള്ള മെറ്റൽ) ഇത്തരം സാധനങ്ങൾ ഉപയോഗിച്ചുവെന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ഉയർന്ന നിരക്കിൽ പ്രതിഫലം കൈപ്പറ്റുന്നതായി വ്യക്തമാണ്. പൊതുപണം ദുർവ്യയം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗുണ നിലവാര പരിശോധന കർശനമായി നടത്തേണ്ടതുണ്ട്. തദ്ദേശ സ്ഥാപനത്തിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ വേണ്ട നിർദ്ദേശം ഭരണസമിതിക്ക് നൽകി ആവശ്യമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

## 3-3 കരാർ ചമയ്ക്കുന്നതിനുള്ള കാലതാമസത്തിന് പിഴ ചുമത്തിയില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം കരാറുകാർ മുഖേന നടപ്പാക്കിയ ഏതാനും മരാമത്ത് പ്രവൃത്തികൾക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തി കരാറിലേർപ്പെട്ടതിന് പിഴ ഈടാക്കാതിരുന്ന നടപടി ക്രമ വിരുദ്ധമാണ്.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000/- രൂപയും മാക്സിമം 25000/- രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്.

ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ മേൽക്കാര്യങ്ങൾ വ്യക്തമാക്കിയിരുന്നുവെങ്കിലും സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കാതിരുന്ന ഏതാനും കരാറുകാർ തുടർന്നുള്ള 10 ദിവസത്തിനകം കരാർ ചമച്ചപ്പോൾ കരാർ തുകയുടെ 1% തുക ഫൈൻ ഇനത്തിൽ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിരുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് , കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | കരാർ ചമച്ച തീയതി | ഫൈനൽ ബിൽ തുക<br>ബിൽ നം./തീയതി | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|---|
| 1 | സമതിപ്പടി ഉന്നത്താനി റോഡ് കോൺക്രീറ്റിംഗ് (110/18)<br>കരാറുകാരൻ : ജെബുകുര്യൻ<br>PAC തുക: 199808 | 22-09-17 | 13-10-17 | 14/17-18/<br>27-01-18<br>195797/- | 1998 |
| 2 | വന്നിരപ്പൻമൂഴി 50 ഏക്കർ റോഡ് കോൺക്രീറ്റിംഗ്(71/18)<br>കരാറുകാരൻ : ജെബുകുര്യൻ<br>PAC തുക: 149910 | 22-09-17 | 13-10-17 | 43/17-18/<br>22-02-18<br>തുക 149910/- | 1499 |
| 3 | പൂപ്പള്ളി ബഥനിമല റോഡ് കോൺക്രീറ്റിംഗ്(72/18)<br>കരാറുകാരൻ : ജെബുകുര്യൻ<br>PAC തുക: 199808 | 22-09-17 | 13-10-17 | 50/17-18 /28-02-18<br>തുക 145483/-<br>51/17-18 /28-02-18<br>തുക 54325/- | 1998 |
| 4 | വൈദ്യരു പടി പടിഞ്ഞാറ്റേതിൽപ്പടി റോഡ് കോൺക്രീറ്റിംഗ്(77/18)<br>കരാറുകാരൻ : മനോജ് | 22-09-17 | 16-10-17 | 49/17-18/<br>28-02-18<br>തുക 74269/- | 795 |

| | | | | | |
|---|---|---|---|---|---|
| | ജോസഫ്<br>PAC തുക: 79475 | | | | |
| 5 | പള്ളിപ്പടി കാവിൽപ്പടി റോഡ് കോൺക്രീറ്റിംഗ്(102/18)<br>കരാറുകാരൻ : റാന്നി താലൂക്ക് ലേബർ കോൺട്രാക്റ്റ് സൊസൈറ്റി<br>PAC തുക: 199808 | 28-09-17 | 31-10-17 | 27/17-18/<br>08-02-18<br>തുക 199808/- | 1998 |
| 6 | കുറുമ്പൻമൂഴി മണക്കയം റോഡ് കോൺക്രീറ്റിംഗ് (132/18)<br>കരാറുകാരൻ :ജോൺ.സി.ജോർജ്ജ്<br>PAC തുക: 999948 | 28-09-17 | 31-10-17 | 22/17-18 /30-01-18<br>തുക 764499/-<br>23/17-18 /30-01-18<br>തുക 82542/-<br>24/17-18 /30-01-18<br>തുക 52975/- | 9999 |
| 7 | മലയിൽ പറമ്പിൽപ്പടി ആലപ്പാട്ട പടി റോഡ് കോൺക്രീറ്റിംഗ്(103/18)<br>കരാറുകാരൻ : റാന്നി താലൂക്ക് ലേബർ കോൺട്രാക്റ്റ് സൊസൈറ്റി<br>PAC തുക: 139907 | 28-09-17 | 31-10-17 | 26/17-18/<br>08-02-18<br>തുക 139907/- | 1399 |
| 8 | ഉന്നത്താനി കോലമല റോഡ് കോൺക്രീറ്റിംഗ്(69/18)<br>കരാറുകാരൻ : മനോജ് ജോസഫ്<br>PAC തുക: 149910 | 22-09-17 | 16-10-17 | 54/17-18 /28-02-18<br>തുക 149910/- | 1499 |
| 9 | പ്രഹ്ളാദൻ പടി വനത്തും മുറി റോഡ് കോൺക്രീറ്റിംഗ്(136/18)<br>കരാറുകാരൻ : റാന്നി താലൂക്ക് ലേബർ കോൺട്രാക്റ്റ് സൊസൈറ്റി<br>PAC തുക: 99833 | 28-09-17 | 31-10-17 | 25/17-18/<br>08-02-18<br>തുക 99833/- | 998 |
| 10 | എടമുറി എരപ്പൻ പാറ റോഡ് കോൺക്രീറ്റിംഗ്(101/18)<br>കരാറുകാരൻ : റാന്നി താലൂക്ക് ലേബർ | 28-09-17 | 31-10-17 | 28/17-18/<br>08-02-18<br>തുക 199801/- | 1998 |

| | | | | | |
|---|---|---|---|---|---|
| | കോൺട്രാക്റ്റ് സൊസൈറ്റി<br>PAC തുക: 199801 | | | | |
| 11 | കൊച്ചുകളം കുറുന്തോട്ടിക്കൽ പടി റോഡ് കോൺക്രീറ്റിംഗ്(111/18)<br>കരാറുകാരൻ : ജെബുകര്യൻ<br>PAC തുക: 199808 | 22-09-17 | 13-10-17 | 40/17-18 /17-02-18<br>തുക 199808/- | 1998 |
| 12 | ഉന്നത്താനി സ്വാമിപ്പടി റോഡ് കോൺക്രീറ്റിംഗ്(70/18)<br>കരാറുകാരൻ : ജെബുകര്യൻ<br>PAC തുക: 139907 | 22-09-17 | 13-10-17 | 53/17-18 /28-02-18<br>തുക 139907/- | 1399 |
| 13 | കാലായിൽപ്പടി കരീലപ്പാറ റോഡ് കോൺക്രീറ്റിംഗ്(74/18)<br>കരാറുകാരൻ : ജെബുകര്യൻ<br>PAC തുക: 99833 | 22-09-17 | 13-10-17 | 15/17-18 /27-01-18<br>തുക 99833/- | 998 |
| 14 | കണിമുക്ക് നെട്ടുവേലിക്കുന്ന് റോഡ് കോൺക്രീറ്റിംഗ്(79/18)<br>കരാറുകാരൻ : റാന്നി താലൂക്ക് ലേബർ കോൺട്രാക്റ്റ് സൊസൈറ്റി<br>PAC തുക: 199815 | 28-09-17 | 31-10-17 | 29/17-18/ 08-02-18<br>തുക 199815/- | 1998 |
| 15 | ഉന്നത്താനി മഴവറ റോഡ് കോൺക്രീറ്റിംഗ്(109/18)<br>കരാറുകാരൻ : ജെബുകര്യൻ<br>PAC തുക: 189984 | 22-09-17 | 16-10-17 | 52/17-18 /28-02-18<br>തുക 189984/- | 1900 |
| 16 | ചെറുകന്നേൽപ്പടി കാലായിൽപ്പടി റോഡ് കോൺക്രീറ്റിംഗ്(68/18)<br>കരാറുകാരൻ : ജെബുകര്യൻ<br>PAC തുക: 99833 | 22-09-17 | 13-10-17 | 42/17-18 /22-02-18<br>തുക 99834/- | 998 |
| 17 | ചണ്ണത്തടം കൊച്ചുകളം റോഡ് കോൺക്രീറ്റിംഗ്(130/18)<br>കരാറുകാരൻ : ജെബുകര്യൻ<br>PAC തുക: 99833 | 22-09-17 | 13-10-17 | 41/17-18 /22-02-18<br>തുക 99833/- | 998 |
| | ആകെ | | | | 34470/- |

പിഴ ചുമത്താതെ ടി കരാറുകാരെക്കൊണ്ട് എഗ്രിമെന്റ് വയ്പ്പിച്ചത് മൂലം ഗ്രാമ പഞ്ചായത്തിന് പിഴ ഇനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/06-02-19) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടം 34470/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-4 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല

2017-18 സാമ്പത്തിക വർഷം അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 51പ്രവൃത്തികളുടെ ബില്ലിൽ നിന്നും ക്ഷേമനിധി ഫണ്ട് ഇനത്തിൽ 241900/- രൂപ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക ക്ഷേമനിധി ബോർഡിൽ ഒടുക്കിയത് ബോർഡ് സെക്രട്ടറി കൈപ്പറ്റിയതായി രേഖയില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് വിവിധ തീയതികളിലായാണ് പ്രസ്തുത തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളതെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. എന്നാൽ ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ നിന്നുമുള്ള തൻ വർഷത്തെ ക്ഷേമ നിധി ഇനത്തിലുള്ള ആകെ ഡിമാന്റ് 241900/- രൂപയാണെന്നും പ്രസ്തുത തുക ക്ഷേമ നിധി ബോർഡിലേക്ക് ഒടുക്കിയിട്ടുണ്ടെന്നും ബോർഡിനെ അറിയിച്ച് ആയത് ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ടോയെന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തി ഔദ്യോഗിക രസീത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-5 അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി വയ്ക്കുന്നതിൽ അപാകത

ധനകാര്യ വകുപ്പിന്റെ(വ്യവസായം&പൊതുമരാമത്ത്-ബി) GO(P) 429/2015/Fin/28-09-2015 പ്രകാരം ടെൻഡർ മുഖേന നടപ്പാക്കുന്ന പ്രവൃത്തിയുടെ കാര്യത്തിൽ ടെൻഡർ സ്വീകരിക്കപ്പെട്ട കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് എസ്റ്റിമേറ്റ് തുകയുടെ(PAC) 10 ശതമാനത്തിനും 25 ശതമാനത്തിനും ഇടയിലുള്ള തുകയാണെങ്കിൽ വ്യത്യാസമുള്ള തുകയ്ക്ക് അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി (ദേശസാൽകൃത ബാങ്കിന്റെ )ലഭ്യമാക്കണം. ധനകാര്യ വകുപ്പിന്റെ(വ്യവസായം&പൊതുമരാമത്ത്-ബി) GO(P) 19/2016/Fin/03-02-2016 പ്രകാരമുള്ള ഉത്തരവിൽ, കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 10% വരെ കുറവാണെങ്കിൽ അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി വാങ്ങേണ്ടതില്ലെന്നും 10 ശതമാനത്തിനും 25 ശതമാനത്തിനും ഇടയിലുള്ള തുകയാണെങ്കിൽ വ്യത്യാസമുള്ള തുകയിൽ എസ്റ്റിമേറ്റ് നിരക്കിന്റെ(PAC) 10% കഴിച്ച് ബാക്കിയുള്ള തുകയ്ക്ക് അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി വയ്ക്കേണ്ടതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടെണ്ടർ മുഖേന2017-18വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് നിരക്കിന്റെ 10 ശതമാനത്തിനും 25 ശതമാനത്തിനും ഇടയിലുള്ള നിരക്ക് ക്വോട്ട് ചെയ്തിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | PAC തുക | ക്വോട്ട് ചെയ്ത തുക (Agreed PAC) | അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടിവയ്ക്കേണ്ടത് |
|---|---|---|---|---|
| 1. | പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് പുതിയ ഒ.പി കെട്ടിട നിർമ്മാണവും മാലിന്യ സംസ്കരണ യൂണിറ്റും ( S0121/17)<br>അടങ്കൽ തുക :15543490<br>കരാറുകാരൻ: എൻ.പി.ഗോപാലകൃഷ്ണൻ | 14497482 | 12539974 | 507760 |
| 2. | പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് സംരക്ഷണഭിത്തി നിർമ്മാണം( S0155/17)<br>അടങ്കൽ തുക : 2623436<br>കരാറുകാരൻ: ബെന്നിസാം | 2461501.64 | 1715729.62 | 499622 |
| 3. | കച്ചേരിത്തടം തേക്ക് മൂട് റോഡ് കോൺക്രീറ്റിംഗ് ( S053/18)<br>അടങ്കൽ തുക : 940000<br>കരാറുകാരൻ: ജി. സലീം | 939853 | 783508 | 62360 |

ടി ആദ്യത്തെ രണ്ട് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ടി ഉത്തരവ് അനുശാസിക്കുന്ന വിധത്തിൽ മതിയായ തുകയ്ക്കുള്ള അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി വാങ്ങിയിട്ടുള്ളതിന്റെ യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. സെക്യൂരിറ്റി രജിസ്റ്ററിലും ഇതു സംബന്ധിച്ചുള്ള സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റിന്റെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. മൂന്നാമത്തെ പ്രവൃത്തിക്ക് 62360/-രൂപയുടെ അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടിവയ്ക്കേണ്ടതിന് പകരം 60000/- രൂപയ്ക്കുള്ള സ്ഥിര നിക്ഷേപ രസീതാണ് വാങ്ങി സൂക്ഷിച്ചിട്ടുള്ളത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

കരാറുകാരൻ ഏറ്റെടുത്ത പ്രവൃത്തി വേണ്ടത്ര ഗുണ നിലവാരത്തോടുകൂടി ചെയ്യുമെന്ന് ഉറപ്പാക്കുന്നതിനാണ് അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി വയ്ക്കണമെന്ന് നിഷ്കർഷിക്കുന്നത്. ടി ആദ്യത്തെ രണ്ട് പ്രവൃത്തികളുടെ അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടിയായി സ്ഥിര നിക്ഷേപ സർട്ടിക്കറ്റ് അസി.എഞ്ചിനിയറുടെ പേരിൽ പ്ലഡ്ജ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കണമെന്നും കുറവായി വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (21/07-02-19) അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയില്ല. മരാമത്ത് മാന്വൽ അനുശാസിക്കുന്ന തരത്തിൽ അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടി വാങ്ങിയിട്ടുണ്ടോയെന്ന് അന്വേഷണം നടത്തുന്നതിനും

തുടർ നടപടി സ്വീകരിക്കുന്നതിനും സാങ്കേതിക വകുപ്പിലേക്ക്(എക്സി.എൻജിനീയർ) ശുപാർശ ചെയ്യുന്നു.

## 3-6 പ്രാഥമികാരോഗ്യകേന്ദ്രത്തിന് മരുന്നു വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥയായി പ്രാഥമികാരോഗ്യകേന്ദ്രത്തിന് മരുന്നുവാങ്ങൽ എന്ന പദ്ധതിക്കുവേണ്ടി(പ്രോജകട് നം.155 /17-18) മരുന്നു വാങ്ങുന്നതിന് റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും 250000 രൂപ (ബിൽ നമ്പർ 13/17-18 തീയതി 03.02.2018) കേരളാ മെഡിക്കൽ സർവീസ് കോർപ്പറേഷന് കൈമാറിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

ചുവടെ ചേർക്കുന്ന ഇൻവോയിസ് പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത് .

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ/തീയതി | തുക |
|---|---|---|
| 1. | 3122 തീയതി 14.06.2018 | 83217 |
| 2. | 6133 തീയതി 06.08.2018 | 33330 |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.മരുന്നുകൾ ലഭ്യമാക്കുന്നതു വരെ ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 133453രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 കരാർ ചമയ്ക്കാത്ത പ്രവൃത്തി സ്പിൽ ഓവറായി തുടരുന്നു

200000/- രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തിയ ചെമ്പനോലി അങ്കണവാടി മെയിന്റനൻസ് (122/18) എന്ന സ്പിൽ ഓവർ പ്രവൃത്തി 2015-16 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയിരുന്ന പ്രവൃത്തിയാണ്. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് നാളിതുവരെ ആരും തന്നെ എഗ്രിമെന്റ് വച്ചിട്ടില്ലാത്തതായി ഓഡിറ്റ് അന്വേഷണ കുറിപ്പിന് (08/29-01-19) മറുപടിയായി അസി.എഞ്ചിനിയർ അറിയിച്ചു. ആയതിന്റെ കാരണം എന്താണെന്ന് അസി.എഞ്ചിനിയർ മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. അങ്കണ വാടി കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ അറ്റകുറ്റപ്പണിയ്ക്കായി വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ പ്രസ്തുത പ്രോജക്റ്റ് യഥാസമയം നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാതെ സ്പിൽ ഓവറാക്കുന്ന പ്രവണത ആശാസ്യമല്ല . വരും വർഷമെങ്കിലും പ്രസ്തുത പ്രവൃത്തി ഗുണഭോക്തൃ സമിതി മുഖേനയോ ടെണ്ടർ മുഖേനയോ നടപ്പലാക്കുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും വേണ്ട നിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതാണ്. ഭരണ സമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-8 ഓഡിറ്റ് ഇംപാക്ട്- വീട് പുനരുദ്ധാരണത്തിന് അധികം നൽകിയ സബ്സിഡി തുക തിരികെ ഒടുക്കി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| പ്രോജക്ടിന്റെ പേര് | വീട് പുനരുദ്ധാരണം |
| പ്രോജക്ടിന്റെ നമ്പർ | 11/18 |
| വിഭാഗം | ജനറൽ |
| അടങ്കൽ | 1875000 |
| ചെലവ് | 1662500 |

പ്രോജക്ടിൽ ഒരു ഗുണഭോക്താവിന് 25000 രൂപാനിരക്കിലാണ് സബ്സിഡി അനുവദിച്ചിരുന്നത്. എന്നാൽ ശ്രീമതി.കുഞ്ഞമ്മ എന്ന വ്യക്തിയ്ക്ക് താഴെ പറയുന്ന ബില്ലുകൾ പ്രകാരം 37500രൂപ സബ്സിഡി അനുവദിച്ചു.12500 രൂപ അധികം സബ്സിഡി അനുവദിച്ചു.

| ബില്ല് നമ്പർ | തീയതി | ബിൽ തുക | അനുവദിച്ചത് |
|---|---|---|---|
| 1705115200270081l397 | 14-12-2018 | 137500 | 12500 |
| 17051152002701049176 | 22-2-2018 | 137500 | 12500 |
| 17051152002701249408 | 22-3-2018 | 62500 | 12500 |
| ആകെ | | | 37500 |

ശ്രീമതി.കുഞ്ഞമ്മയ്ക്ക് 12500രൂപ അധികമായാണ് അനുവദിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം -15/

2-2-2019) നൽകിയതിന്റെ അടിസ്ഥാനത്തിൽ അധികമായി നൽകിയ 12500 രൂപ ഗുണഭോക്താവിൽ നിന്നുംതിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തി.

## 3-9 കാർഷിക മേഖല-പദ്ധതി നടത്തിപ്പിലെ അപാകതകൾ

(1)ഫലവൃക്ഷതൈകൾ വിതരണം -കെയ്കോയ്ക്ക് 25000 രൂപ അധികം നൽകി

| | |
|---|---|
| നിർവ്വഹണ | കൃഷിഓഫീസർ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| പ്രോജക്ടിന്റെ പേര് | ഫലവൃക്ഷതൈകൾ വിതരണം |
| പ്രോജക്ടിന്റെ നമ്പർ | SO 87/18 |
| വിഭാഗം | ജനറൽ |
| അടങ്കൽ | 125000 |
| ചെലവ് | 125000 |
| ബിൽ/തീയതി/ഇക | 17051152002301311255/28-3-2018 -100000/<br>ഗുണഭോക്തൃവിഹിതം 250000 രൂപ, വൗച്ചർ നമ്പർ 21701119,തീയതി 31-3-2018 |

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (ജി.ഒ (എം.എസ്) നം-80/2017 ത.സ്വ.ഭ.വ തീയതി 03-04-2017)പ്രകാരം ഫലവൃക്ഷതൈ വിതരണത്തിന് 75ശതമാനമാണ് സബ്സിഡി അനുവദിക്കാവുന്നത്. ഫലവൃക്ഷതൈ വിതരണം എന്ന മേൽ പറഞ്ഞ പ്രോജക്ടിന്റെ അടങ്കൽ തുക 125000(വികസന ഫണ്ട് -100000+ഗുണഭോക്തൃവിഹിതം 25000) ആയിരുന്നു.എന്നാൽ ഈ പ്രോജക്ടിൽKAICOയിൽ നിന്നും 100000 രൂപായുടെ ഫലവൃക്ഷതൈകൾ മാത്രമേ വാങ്ങിയിട്ടുള്ളൂ. 95 ഗുണഭോക്താക്കളിൽ നിന്നും 25000 രൂപ ഗുണഭോക്തൃവിഹിതമായി പിരിച്ചിട്ടുണ്ട്.വികസന ഫണ്ടിൽ നിന്നും 75000രൂപായുംഗുണഭോക്തൃവിഹിതം 25000രൂപയും ചേർത്ത് 100000രൂപയാണ്KAICOയ്ക്ക് നൽകേണ്ടിയിരുന്നത്. എന്നാൽ KAICOയ്ക്ക് 125000 (വികസന ഫണ്ട് -100000+ഗുണഭോക്തൃവിഹിതം 25000) രൂപ നൽകി. KAICOയ്ക്ക് അധികമായി നൽകിയ 25000രൂപ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (നം-26/6-2-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി ചെലവിട്ട രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

(2)കിഴങ്ങു വർഗ്ഗ വിള- സബ്സിഡി അധികം നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷിഓഫീസർ |
| പ്രോജക്ടിന്റെ പേര് | വാഴകൃഷി/ഇടവിളകിറ്റ്(കിഴങ്ങ്) |
| പ്രോജക്ടിന്റെ നമ്പർ | s00082/18 |
| വിഭാഗം | ജനറൽ |
| അടങ്കൽ | 1702825 |
| ചെലവ് | 1702825 |

ടിഷ്യുകൾച്ചർ വാഴവിത്തും ഇടവിളകിറ്റും(കിഴങ്ങ്) നൽകുന്നതായിരുന്നു മേൽ പറഞ്ഞ പ്രോജക്ട്. മേൽ പറഞ്ഞ പ്രോജക്ടിൽ 500 രൂപ വിലയുള്ള കിറ്റുകളാണ് കർഷകർക്ക് നൽകിയത് പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (ജി.ഒ (എം.എസ്) നം-80/2017 ത.സ്വ.ഭ.വ തീയതി 03-04-2017)പ്രകാരം കിഴങ്ങുവർഗ്ഗങ്ങൾക്ക് അനുവദനീയമായ പരമാവധി സബ്സിഡി തുക 3500 രൂപയാണ്. ഇത് പ്രകാരം ഒരു കർഷകന് പരമാവധി 7 യൂണിറ്റ് നടീൽവസ്തുക്കളാണ് അനുവദനീയം (7x500= 3500രൂപ). എന്നാൽ ആയതിന് വിരുദ്ധമായി 16 കർഷകർക്ക് നടീൽ വസ്തുക്കൾ അധികമായി അനുവദിച്ച് നല്കി. താഴെ പറയുന്ന കർഷകർക്ക് 3500രൂപയിൽ കൂടുതൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| നമ്പർ | പേര് | അനുവദിച്ച കിറ്റുകളുടെ എണ്ണം | കിറ്റിന്റെ വില | അനുവദിച്ച സബ്സിഡി | അധികമായി അനുവദിച്ച സബ്സിഡി |
|---|---|---|---|---|---|
| 1 | ജേക്കബ്കുട്ടി | 8 | 500 | 4000 | 500 |
| 2 | രവി | 8 | 500 | 4000 | 500 |
| 3 | രാജൻ കുട്ടി | 18 | 500 | 9000 | 5500 |
| 4 | മറിയാമ്മ എബ്രഹാം | 8 | 500 | 4000 | 500 |
| 5 | സദാനന്ദൻ | 8 | 500 | 4000 | 500 |
| 6 | തങ്കമ്മ വാസു | 9 | 500 | 4500 | 1000 |
| 7 | സാമുവേൽ | 8 | 500 | 4000 | 500 |
| 8 | ജോർജ് തോമസ് | 8 | 500 | 4000 | 500 |
| 9 | സത്യഭാമ | 9 | 500 | 4500 | 1000 |

| | | | | | |
|---|---|---|---|---|---|
| | വിക്രമൻ | | | | |
| 10 | കുര്യാക്കോസ് | 9 | 500 | 4500 | 1000 |
| 11 | ഇടിക്കുള | 8 | 500 | 4000 | 500 |
| 12 | സജി | 8 | 500 | 4000 | 500 |
| 13 | സോമൻ | 8 | 500 | 4000 | 500 |
| 14 | ഷൈജുഈപ്പൻ | 9 | 500 | 4500 | 1000 |
| 15 | വത്സമ്മ | 8 | 500 | 4000 | 500 |
| 16 | റോമ്‌ലി രാജു | 9 | 500 | 4500 | 1000 |
| | ആകെ | | | | 15500 |

ഇപ്രകാരം 16 കർഷകർക്കായി 31 യൂണിറ്റ് നടീൽവസ്തുക്കൾ അധികമായി അനുവദിച്ച് നൽകി. തന്മൂലം 15500 രൂപ ( 31x500= 15500 രൂപ) അധികമായി ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് (നം-25/6-2-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി ചെലവിട്ട 15500 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

(3)തെങ്ങ്കൃഷി -സബ്സിഡി അധികം നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷിഓഫീസർ |
| പ്രോജക്ടിന്റെ പേര് | തെങ്ങ്കൃഷി വികസനം |
| പ്രോജക്ടിന്റെ നമ്പർ | s00086/18 |
| വിഭാഗം | ജനറൽ |
| അടങ്കൽ | 367400 |

തെങ്ങുതൈ നൽകുന്നതായിരുന്നു മേൽ പറഞ്ഞ പ്രോജക്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം തെങ്ങുതൈ നൽകുമ്പോൾ അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക 3500രൂപയാണ്. മേൽ പറഞ്ഞ പ്രോജക്ടിൽ 150 രൂപ വിലയുള്ള തെങ്ങുതൈകളാണ് കർഷകർക്ക് നൽകിയത് പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (ജി.ഒ (എം.എസ്) നം-80/2017 ത.സ്വ.ഭ.വ തീയതി 03-04-2017) പ്രകാരം തെങ്ങുതൈകൾക്ക് അനുവദനീയമായ പരമാവധി സബ്സിഡി തുക 3500 രൂപയാണ്. താഴെ പറയുന്ന കർഷകർക്ക് 3500രൂപയിൽ കൂടുതൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| നമ്പർ | പേര് | അനുവദിച്ച തൈകൾ എണ്ണം | തൈയുടെ വില | അനുവദിച്ച സബ്സിഡി | അധികമായി അനുവദിച്ച സബ്സിഡി |
|---|---|---|---|---|---|
| 1 | ഡൊമനിക് | 36 | 150 | 4050 | 550 |
| 2 | വി.കെ പ്രഭാകരൻ | 40 | 150 | 4500 | 1000 |
| 3 | എൻ. എം ഫിലിപ്പ് | 34 | 150 | 3825 | 325 |
| | ആകെ | | | | 1875 |

ഇപ്രകാരം 3 കർഷകർക്ക് 1875 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിക്ക് (നം-24/6-2-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി ചെലവിട്ട 1875രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-10 വീട് വാസയോഗ്യമാക്കി മാറ്റൽ–സബ്സിഡി അധികം നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| പ്രോജക്ടിന്റെ പേര്,നമ്പർ | വീട് വാസയോഗ്യമാക്കൽ(എസ്.സി),209/18 |
| അടങ്കൽ | 1600000(വികസന ഫണ്ട്(എസ്.സി.പി) |
| ചെലവ് | 1550000 |

പ്രസ്തുത പ്രോജക്ടിൽ 15 ഗുണഭോക്താക്കൾക്കും ലക്ഷം രൂപ നിരക്കിലാണ് സബ്സിഡി അനുവദിച്ചിരുന്നത്. എന്നാൽ ശ്രീ. തങ്കപ്പൻ പി.കെ പ്ലാന്തോട്ടത്തിൽ വീട് എന്ന വ്യക്തിയ്ക്ക് താഴെ പറയുന്ന ബില്ലുകൾ പ്രകാരം 150000രൂപ അനുവദിച്ചിട്ടുണ്ട്.

| ബില്ല് നമ്പർ | തീയതി | തുക | അനുവദിച്ചത് |
|---|---|---|---|
| 17051152002700955384 | 30-1-2018 | 150000 | 50000 |
| 17051152002700983114 | 6-2-2018 | 300000 | 50000 |
| 17051152002701079406 | 27-2-2018 | 50000 | 50000 |
| | ആകെ | | 150000 |

ശ്രീ. തങ്കപ്പൻ പി.കെ പ്ലാന്തോട്ടത്തിൽ വീട് എന്ന വ്യക്തിയ്ക്ക് 50000രൂപ അധികമായാണ് അനുവദിച്ചിരിക്കുന്നത്.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം-15/2-2-2019) വി.ഇ.ഒ നൽകിയ മറുപടിയിൽ ഗുണഭോക്താവിന് അധികമായി നൽകിയ 50000രൂപ10 ദിവസത്തിനകം തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തുമെന്ന് അറിയിച്ചിട്ടുണ്ട്.അധികമായി ചെലവിട്ട 50000രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-11 ഉത്ഘാടനച്ചെലവുകൾക്ക് അധികം ചെലവഴിച്ചത് 24720 രൂപ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.12.2015 ലെ 3866/2015 -ാം നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തുന്ന ഉദ്ഘാടനച്ചടങ്ങുകളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ചടങ്ങുകൾക്ക് 25000/- രൂപയും മറ്റ് ഉദ്ഘാടനങ്ങൾക്ക് 10000/- രൂപയുമാണ് തനതു ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്ന പരമാവധി തുക. പരമാവധിയിലും അധികം ചെലവഴിക്കുന്ന തുകയ്ക്ക് സെക്രട്ടറിയാണ് ഉത്തരവാദിയായിരിക്കുകയെന്ന് ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്.

ഗ്രാമപ്പഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ശിലാസ്ഥാപനവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് മന്ത്രി പങ്കെടുത്ത ചടങ്ങിനായി വിവിധ ചെലവുകൾക്കായി തനതു ഫണ്ടിൽ നിന്നും 49720/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പരിധിയിൽക്കവിഞ്ഞ് തുക ചെലവഴിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (നം.22/07.02.2019) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിനു വിരുദ്ധമായി അധികം ചെലവഴിച്ച 24720/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 പൊതു ടാപ്പുകളുടെ വെള്ളക്കരം അടയ്ക്കുന്നില്ല- ഫൈൻ തുക പെരുകുന്നു

തനത് വരുമാനത്തിന്റെ കുറവു മൂലം വെള്ളക്കരം ഒടുക്കുന്നില്ല. 2017-18 വർഷം റോഡിതര മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും 620180 രൂപ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ അടവാക്കിയിട്ടുണ്ട്. പല മാസങ്ങളിലെ ബില്ലുകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.ബില്ലുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (9/18 തീയതി 31.01.2019) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.2018 ഡിസംബർ മാസത്തെ ബിൽ പ്രകാരമുള്ള കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Closing Balance as on 30-Nov- 2018 | 678960 |
| Fine | 13343 |
| Demand for the month | 66938 |
| Other Charges | 0 |
| Total | 759241 |

മാസംതോറും വെള്ളക്കരം അടവാക്കാത്തതിനാൽ പിഴപ്പലിശയിനത്തിൽ ബാധ്യത കൂടി വരുന്ന സ്ഥിതിയാണുള്ളത്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ട തുക ഇത്തരത്തിൽ ചെലവാകുന്നത് ഒഴിവാക്കേണ്ടതാണ്. വെള്ളക്കരം യഥാസമയം അടച്ച് പിഴപ്പലിശ ഒഴിവാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം പഞ്ചായത്തിൽ നിലവിൽ 153 ടാപ്പുകളാണുള്ളത്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.അവസാനമായി സംയുക്ത പരിശോധന നടത്തിയത് സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(3/29.01.2019) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽത്തന്നെ നിലവിൽ വെള്ളക്കരം അടവാക്കുന്ന എല്ലാ ടാപ്പുകളും പ്രവർത്തനക്ഷമമാണെന്ന് ഉറപ്പാക്കാനാകുന്നില്ല. പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കണക്കാക്കി അവയ്ക്ക്മാത്രം വെള്ളക്കരം അടവാക്കാനും പുതിയതായി ഗാർഹിക കണക്ഷനുകൾ അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിനും അതുവഴി പഞ്ചായത്തിന്റെ ബാധ്യത കുറയ്ക്കാനുമുള്ള നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 3-13 തെരുവു വിളക്കുകൾ വാങ്ങലും അറ്റകുറ്റപ്പണികളും - പദ്ധതികളുടെ നിർവ്വഹണത്തിലെ അപാകതകൾ

ഗ്രാമപ്പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ വാങ്ങലിനും അറ്റകുറ്റപ്പണികൾക്കുമായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണം കാര്യക്ഷമമല്ല.പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ, പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക, ചെക്ക് നമ്പർ /തീയതി |
|---|---|
| 199/2018,ശബരിമല പാതകളിൽ തെരുവു വിളക്കുകൾ | 100000(ധനകാര്യ |

| | |
|---|---|
| സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് ലൈറ്റും അനുബന്ധ സാമഗ്രികളും വാങ്ങൽ | കമ്മീഷൻ ഗ്രാന്റ് )<br>11708(ശബരിമല സ്പെഷ്യൽ ഫണ്ട്) |
| 8/2018,തെരുവു വിളക്ക് മെയ്ന്റനൻസ് | 138235(ശബരിമല സ്പെഷ്യൽ ഫണ്ട്) |

പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ 199/2018 ന്റെ ഭാഗമായി തമ്പുരാൻകാലായിൽ ട്രെയ്ഡ് ലിൻക്സ്, നാരങ്ങാനം എന്ന സ്ഥാപനത്തിൽനിന്നും 111708രൂപയുടെ തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നം.860/08.11.2017) .വാങ്ങിയ സാധനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാങ്ങിയ ഉപകരണത്തിന്റെ പേര് | നിരക്ക് | എണ്ണം | വില | നികുതി | | ആകെ വില |
|---|---|---|---|---|---|---|---|
| | | | | | നികുതി നിരക്ക്(%) | നികുതി | |
| 1. | Choke | 100.85 | 184 | 18555.93 | 9 | 1670.04 | 21896.00 |
| 2. | Insulation Tape | 7.20 | 20 | 144.07 | 9 | 12.97 | 170.00 |
| 3. | Tube | 35.59 | 250 | 8898.31 | 9 | 800.85 | 10500.01 |
| 4. | S.V Lamp Bulb | 287.29 | 20 | 5745.76 | 9 | 517.12 | 6780.00 |
| 5. | S.V Lamp Choke | 868.64 | 20 | 17372.88 | 9 | 1563.56 | 20500.00 |
| 6. | S V Capacitor | 103.39 | 20 | 2067.80 | 9 | 186.10 | 2440.00 |
| 7. | Side Holder | 4.24 | 100 | 423.73 | 9 | 38.14 | 500.00 |
| 8. | Starter | 5.47 | 250 | 1367.19 | 9 | 191.41 | 1750.00 |
| 9. | Single Tube set(full fittings) | 882.81 | 30 | 26484.38 | 14 | 3707.82 | 33900.01 |
| 10. | S V Ignator | 89.84 | 20 | 1796.88 | 14 | 251.57 | 2300.01 |
| 11. | Wire 2.5 double core | 624.22 | 3 | 1872.66 | 14 | 262.17 | 2397.00 |
| 12. | Aluminium wire | 191.41 | 35 | 6699.22 | 14 | 937.89 | 8575.00 |
| | | | | 91428.81 | | 10139.64 | 111708 |

വാങ്ങിയ സാധനങ്ങൾ 08.11.2017 തീയതിയിൽ സ്റ്റോക്കിലെടുത്തിട്ടുണ്ട്. ഇതിൽ ഏതാനും ഉപകരണങ്ങൾ തീയതി രേഖപ്പെടുത്താതെ വാർഡ് മെമ്പർമാർക്ക് വിതരണം ചെയ്തതായി കാണുന്നു. വിതരണം ചെയ്ത ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് മെമ്പറുടെ പേര് | കൈപ്പറ്റിയ ഉപകരണങ്ങൾ | എണ്ണം |
|---|---|---|
| ജീമോൾ മേരി കോശി(വാർഡ്- I) | ട്യൂബ് സെറ്റ്(സിംഗിൾ)-<br>ഡബിൾ ട്യൂബ്-<br>സോഡിയം വേപ്പർ ലാമ്പ്- | 30<br>5<br>6 |
| വത്സമ്മ പുരുഷോത്തമൻ(വാർഡ് -II) | ട്യൂബ് സെറ്റ്(സിംഗിൾ)-<br>ഡബിൾ ട്യൂബ്-<br>സോഡിയം വേപ്പർ ലാമ്പ് | 15<br>5<br>3 |
| മോഹൻരാജ് ജേക്കബ്(വാർഡ് -XII) | ട്യൂബ് സെറ്റ്(സിംഗിൾ)-<br>ഡബിൾ ട്യൂബ്-<br>സോഡിയം വേപ്പർ ലാമ്പ് | 25<br>10<br>5 |

മറ്റ് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല. എന്നാൽ ഇവ പഞ്ചായത്ത് ഓഫീസിലും സൂക്ഷിച്ചിട്ടില്ല.

തെരുവു വിളക്കുകളുടെ മെയ്ന്റനൻസിനായി 8/2018 പ്രോജക്ട് പ്രകാരം 138235 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ

എം.കെ.ആർ ഇലക്ട്രിക്കൽസ് & പ്ളംബിംഗ് വർക്ക്സ് എന്ന സ്ഥാപനം 138235 രൂപ കൈപ്പറ്റിയതിന്റെ രസീത് മാത്രമാണ് ഫയലിനൊപ്പം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുള്ളത്. മെയ്ന്റനൻസുമായി ബന്ധപ്പെട്ട യാതൊരു വിവരങ്ങളും ഫയലിൽ ലഭ്യമല്ല.

ഈ വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 30/07.02.2019) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടുകൾക്കായി ചെലവഴിച്ച 249943(111708+138235) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും തെരുവു വിളക്കുകളുടെ സ്ഥാപിക്കലുകളുമായി ബന്ധപ്പെട്ട അപാകതകൾ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ അപാകതകൾ വീണ്ടും ആവർത്തിക്കപ്പെടുന്ന അവസ്ഥയാണ് ഉള്ളത്. അപാകതകൾ ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭരണ വകുപ്പ് ഈ വിഷയത്തിൽ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-14 മതിയായ ജീവനക്കാരില്ലാതെ പി.എച്ച്.സിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു

പി.എച്ച്.സിയുടെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവുമായി ലോകബാങ്ക് ധനസഹായം വകയിരുത്തി തൻ വർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേരും നമ്പരും | ചെലവഴിച്ച തുക |
|---|---|---|
| 1. | മാലിന്യ സംസ്കരണ സംവിധാനത്തോടു കൂടി പി.എച്ച് സിക്ക് പുതിയ ഒ.പി കെട്ടിട നിർമ്മാണം,125/18 | 10836047 |
| 2. | പി.എച്ച്.സിയ്ക്ക് റീട്ടൈനിംഗ് വാൾ നിർമ്മാണം,128/18 | 1669637 |
| 3. | മെഡിക്കൽ എക്വിപ്പ്മെന്റ്സ്,220/18 | 2500000 |
| 4. | ഫർണിച്ചർ,221/18 | 700000 |
| 5. | അലൂമിനിയം ഫാബ്രിക്കേഷൻ വർക്ക്സ്,222/18 | 399999 |
| 6. | ഇലക്ട്രിക്കൽ ആന്റ് റിലേറ്റഡ് എക്വിപ്പ്മെന്റ്സ്,223/18 | 697511 |
| 7. | ബയോഗ്യാസ് മാലിന്യ സംസ്കരണം , 224/18 | 113800 |
| | ആകെ | 169169940 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയിട്ടുള്ള ആശുപത്രികൾ, സ്കൂളുകൾ, അങ്കണവാടികൾ, ഫാമുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് അധികമായോ, പുതിയതായോ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. എന്നാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവയ്ക്കു കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പ്രത്യേകിച്ചും ആശുപത്രികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തിയത് സ്റ്റാഫിന്റെ അപര്യാപ്തമൂലം ഉപയോഗപ്പെടുത്താൻ കഴിയാതെ വന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇപ്രകാരം പുതിയ സ്റ്റാഫിനെ നിയമിച്ചാൽ മാത്രം ഉപയോഗിക്കാൻ പറ്റുന്ന തരത്തിലുള്ള അധിക പശ്ചാത്തല വികസനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കരുതെന്ന് നിഷ്കർഷിച്ചിരുന്നു. (സർക്കുലർ നം.12592/ഡി.പി.1/2006/തസ്വഭവ, തീ. 11.8.2006). എന്നാൽ പ്രസ്തുത സർക്കുലറിലെ നിർദ്ദേശം പാലിക്കാതെയാണ് ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളത്.മുൻ ഓഡിറ്റ് റിപ്പോർട്ടിലും ഇതേ വിഷയം പരാമർശിച്ചിരുന്നു. എന്നാൽ നിലവിലും സ്റ്റാഫ് പാറ്റേണിൽ മാറ്റം ഉണ്ടായിട്ടില്ല. വർക്കിംഗ് അറേഞ്ച്മെന്റിൽ ഉള്ള ഒരു ഡോക്ടർ ഉൾപ്പെടെ നിലവിൽ 2 ഡോക്ടർമാർ മാത്രമാണ് പി.എച്ച്.സിയിൽ ഉള്ളത്.

മെഡിക്കൽ ഉപകരണങ്ങൾ,ഫർണിച്ചർ ഇവ വാങ്ങുന്നതിനായി 32 ലക്ഷം രൂപ തൻ വർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങളുടെ ഫർണിഷിംഗ്,ഇലക്ട്രിഫിക്കേഷൻ വർക്കുകൾ പൂർത്തിയാകാത്തതിനാൽ വാങ്ങിയ ഉപകരണങ്ങൾ മുറികളിൽ കൂട്ടിയിട്ടിരിക്കുകയാണ്.

പഞ്ചായത്ത് കമ്മിറ്റിയുടെ 07.12.2017 ലെ 5-ാം നമ്പർ തീരുമാന പ്രകാരം ലോക ബാങ്ക് ധനസഹായം വിനിയോഗിച്ച് തയ്യാറാക്കിയിട്ടുള്ള പദ്ധതികളിൽ ഡിസംബർ 31 നകം ഫണ്ട് ചെലവഴിക്കേണ്ടതുള്ളതിനാൽ ടെണ്ടർ ക്ഷണിച്ച് അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനാവശ്യമായ സാധനങ്ങൾ വാങ്ങുന്നത് പ്രായോഗികമല്ലെന്നും ടെണ്ടർ നടപടികൾ കൂടാതെ അക്രഡിറ്റഡ് ഏജൻസികളായ സിഡ്കോ, റബ്കോ,കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ,ബയോടെക് എന്നീ സ്ഥാപനങ്ങളിൽ നിന്നും വാങ്ങലുകൾ നടത്തുന്നതിനും തീരുമാനിച്ചു.

മേൽപ്പറഞ്ഞ ഏജൻസികളിൽ നിന്നല്ലാതെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ വർക്കുകൾ ബ്ളെയ്സ് സിസ്റ്റംസ് & സർവ്വീസസ് എന്ന സ്ഥാപനമാണ് നടത്തിയിട്ടുള്ളത്. പ്രവൃത്തിക്കായി 201756 രൂപ ചെലവഴിച്ചിട്ടുണ്ട്.

കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സിഡ്കോയിൽ നിന്നും 613118/- രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഉല്പന്നങ്ങളൊന്നും തന്നെ സിഡ്കോ സ്വയം ഉത്പാദിപ്പിക്കുന്നവയല്ല. ടെണ്ടർ നടപടികൾ ഒഴിവാക്കി സർക്കാർ/അർദ്ധസർക്കാർ /ഗവൺമെന്റ് അംഗീകൃത ഏജൻസികളിൽ നിന്നും സാധന സാമഗ്രികൾ വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവ മാത്രമായിരിക്കണമെന്ന് 2/12/2016ലെ ജി.ഒ(ആർ.ടി)3299/2016/തസ്വഭവ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാത്തവ പരസ്യ ടെണ്ടർ മുഖേന വാങ്ങണം.പരസ്യ ടെണ്ടർ മുഖേന ഉപകരണങ്ങൾ വാങ്ങിയിരുന്നെങ്കിൽ ടെണ്ടറുകൾക്ക് മത്സരാത്മക സ്വഭാവം ഉണ്ടാവുകയും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വാങ്ങുന്നതിനുള്ള അവസരം പഞ്ചായത്തിന് ലഭിക്കുകയും ചെയ്യുമായിരുന്നു. പദ്ധതി ആസൂത്രണത്തിലുണ്ടായ പിഴവാണ്

ഇത്തരത്തിൽ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങേണ്ട അവസ്ഥ സംജാതമാക്കിയത്.

പദ്ധതി ആസൂത്രണം നടത്തേണ്ടത് സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലല്ല. വ്യക്തമായ ആസൂത്രണമുണ്ടായിരുന്നെങ്കിൽ പരസ്യ ടെണ്ടർ ക്ഷണിക്കുന്നതിനും സാധനസാമഗ്രികൾ കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിനും അവസരം ലഭിക്കുമായിരുന്നു. അതുവഴി ലാഭിക്കാമായിരുന്ന തുക പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുകയും ചെയ്യാമായിരുന്നു.

ഐ.സി.യുവിലേക്കാവശ്യമായ കട്ടിൽ, Defribilator with Cardiac monitor ,Hematology Analyser തുടങ്ങി ലക്ഷക്കണക്കിന് രൂപ വിലയുള്ള ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളത്. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഇവയൊന്നും പ്രായോഗികമായി ഉപയോഗിക്കാൻ കഴിയില്ല. മതിയായ സ്റ്റാഫുകളുടെ തസ്തികകൾ നിലവിലും ആശുപത്രിയിൽ ഇല്ല.പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രം/സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തി ഐ.പി.വിഭാഗം അനുവദിക്കാത്ത പക്ഷം കെട്ടിട നിർമ്മാണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ചെലവഴിച്ച 1.69 കോടി രൂപ പാഴാകുന്ന സ്ഥിതിയാണുള്ളത്. ആശുപത്രിയുടെ ഗ്രേഡ് ഉയർത്തുന്നതിനും ജീവനക്കാരുടെ തസ്തികകൾ അനുവദിക്കുന്നതിനുമുള്ള ഊർജ്ജിത ശ്രമം പഞ്ചായത്ത് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 3-15 എസ്റ്റിമേറ്റ് ലഭിക്കാതെ തുക നൽകി

പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനു വേണ്ടി തുക നിക്ഷേപിക്കുമ്പോൾ എസ്റ്റിമേറ്റ് ലഭ്യമാക്കാതെ തുക നൽകുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി സ്ട്രീറ്റ് ലൈൻ വലിക്കൽ(പ്രോ.നം.210/18) എന്ന പദ്ധതിയുടെ ഭാഗമായി ഗ്രാമപ്പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനായി ചുവടെ ചേർക്കും പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ് നമ്പർ | പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച തുക |
|---|---|---|---|
| 1. | 3 | Constructing Street main at Madanthamon through Kadumeenchirs Church | 196345 |
| 2. | 4 | Constructing Street main at Mandiram through Thonikkadav | 69550 |
| 3. | 5 | Constructing Street main at Channa through Chandanakkadav road | 176550 |
| 4. | 6 | Constructing Street main at Kochukulam transformer through Kochukulam road | 128400 |
| 5. | 7 | Constructing Street main at Thonikkadav through Kolinchi Road | 107000 |
| 6. | 8 | Constructing Street main at Pancharamukku through Colony | 69550 |
| 7. | 9 | Constructing Street main at Malayilppadi through Pavvath mannum padi | 79973 |
| 8. | 12 | Constructing Street main at Vilayattupadi colony road through Semitheri line | 25145 |
| 9. | 13 | Chakkalappadi- Kulathunkalppadi Road | 47159 |
| 10. | 11 | Adding One Coductor as Street main at Ward no.11 | 96300 |
| 11. | 10 | Adding One Coductor as Street main and shifting line at Ward no.10 | 83223 |
| | | ആകെ | 1079195 |

കെ.എസ്സ്.ഇ.ബിയിൽ നിന്നുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കാതെയാണ് തുക നിക്ഷേപിച്ചിട്ടുള്ളത്. പ്രവൃത്തിയിലെ ഓരോ ഇനത്തിനും ചെലവഴിക്കുന്ന തുകയുടെ വിവരം മാത്രമാണ് കെ.എസ്സ്.ഇ.ബി ലഭ്യമാക്കിയ സംക്ഷിപ്തത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എത്ര ദൂരം ലൈൻ സ്ഥാപിക്കുമെന്ന് വ്യക്തമല്ല. പ്രവൃത്തിയുടെ വിശദാംശങ്ങൾ പരിശോധിക്കാതെ കെ.എസ്സ്.ഇ.ബി ലഭ്യമാക്കിയ കണക്കുകൾ പ്രകാരമുള്ള അതേ തുക ഒടുക്കുകയാണ് പഞ്ചായത്ത് ചെയ്തിട്ടുള്ളത്. വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുമ്പോൾ നടത്തിയ പ്രവൃത്തികൾ പരിശോധിച്ച് അധികം തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുകയും ചെയ്യേണ്ടതാണ് .ഈ വിഷയത്തിൽ മോണിട്ടറിംഗ് സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-16 ട്രാൻസ്പോർട്ടേഷൻ ചാർജ് അധികം നൽകി

അങ്കണവാടി പോഷകാഹാര വിതരവുമായി ബന്ധപ്പെട്ട് ഭക്ഷണസാധനങ്ങൾ കയറ്റി ഇറക്കിയ വകയിൽ കോൺട്രാക്ടർ ശ്രീ.തോമസ് ചെറിയാന് അധികം തുക നൽകിയിരിക്കുന്നു. 9-6-2017 ലെ 111-ാം നമ്പർ തീരുമാന പ്രകാരം 22 അംഗനവാടികൾക്ക് ഭക്ഷണസാധനങ്ങൾ കയറ്റി ഇറക്കുന്നതിന് കിലോഗ്രാമിന് 4.80 രൂപയാണ് അനുവദിച്ചിരുന്നത്. എന്നാൽ ആയതിലും അധികം തുക നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ടിപ്പ് ഷീറ്റ് തീയതി | സാധനത്തിന്റെ അളവ് (കി.ഗ്രാം) | അനുവദിച്ചത് (രൂപ) | അർഹമായത് (രൂപ) | അധികം നൽകിയത് (രൂപ) |
|---|---|---|---|---|
| 3-7-2017 | 314 | 16220 | 15465 | 755 |
| 25-8-2017 | 3858 | കൈപ്പറ്റ് രസീതിൽ തുക ഇല്ല | 185 | |
| 28-10-2017 | 3001 | 14944 | 14404 | 540 |
| 20-1-2018 16-1-2018 | 3001 | 17079 | 14404.8 | 2674 |
| 22-3-2018 23-3-2018 | 2466 | 18739 | 11836.8 | 6902 |
| | | | | 10871.2 |

അധികം നൽകിയ തുക 10871 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-17 അങ്കണവാടികൾ - ഭൗതിക സാഹചര്യനില

ഗ്രാമപ്പഞ്ചായത്തിലെ അങ്കണവാടികളുടെ സ്ഥിതി വിവരക്കണക്കുകൾ ചുവടെ ചേർക്കുന്നു.

| ആകെ അംഗനവാടികൾ | സ്വന്തമായി കെട്ടിടമുള്ളത് | പൊതുകെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നത് | വാടകക്കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നത് | ടോയ് ലെറ്റുള്ളത് (സാധാരണം) | ഗ്യാസ് കണക്ഷനുള്ളത് | വൈദ്യുതിയുള്ളത് | കുടിവെള്ളമുള്ളത് |
|---|---|---|---|---|---|---|---|
| 22 | 5 | 5 | 12 | 22 | 22 | 2 | 20 |

സ്വന്തമായി കെട്ടിടം ഉള്ള 5 അങ്കണവാടികൾ മാത്രമാണ് ഗ്രാമപ്പഞ്ചായത്തിൽ ഉള്ളത്. വൈദ്യുതിയുള്ളതായി 2 മാത്രവും.പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് മിക്ക അങ്കണവാടികളിലും ഉള്ളത്. 6,9 വാർഡുകളിലെ അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി യഥാക്രമം 922000,800000 രൂപയും ചെമ്പനോലി അങ്കണവാടിയുടെ അറ്റകുറ്റപ്പണികൾക്കായി 200000 രൂപയും തൻവർഷം വകയിരുത്തിയിരുന്നെങ്കിലും പദ്ധതികൾ നടപ്പിലാക്കിയില്ല. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിൽ പഞ്ചായത്ത് അടിയന്തിര നടപടികൾ സ്വീകരിക്കുന്നില്ല. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-18 മാനസിക -ശാരിരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- അർഹമായ ആനുകൂല്യം നൽകുന്നില്ല

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണത്തിനുള്ള പ്രോജക്ട് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഏറ്റെടുത്തു നടപ്പിലാക്കേണ്ടതാണ്.

തൻ വർഷം നടപ്പിലാക്കിയ പ്രോജക്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | അടങ്കൽ | ചെലവ് |
|---|---|---|---|
| പ്രോജക്ട് നമ്പർ.147/18 | വികസന ഫണ്ട് | 300000 | 300000 |
| | ബ്ലോക്ക് വിഹിതം | 75000 | 75000 |

ഗ്രാമപ്പഞ്ചായത്തിന് തൻ വർഷം എല്ലാ വിദ്യാർത്ഥികൾക്കും അർഹമായ നിരക്കിൽ ധനസഹായം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. വകയിരുത്തിയ തുകഗുണഭോക്താക്കളായ 33 കുട്ടികൾക്ക് തുല്യമായി വീതിച്ച നൽകുകയാണ്ചെയ്തിട്ടുള്ളത്.മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 28500/- രൂപ വരെ ധനസഹായം അനുവദിക്കാവുന്നതാണ്. മതിയായ തുക പദ്ധതിയിൽ വകയിരുത്താത്തതിനാൽ അർഹമായ ആനുകൂല്യം നിഷേധിക്കപ്പെടുന്ന അവസ്ഥയാണ് ഉള്ളത്.ജില്ലാപ്പഞ്ചായത്ത് വിഹിതം പദ്ധതിയിൽ വകയിരുത്തിയിട്ടില്ല.
തുടർവർഷത്തിൽ നിശ്ചിത നിരക്കിലുള്ള ആനുകല്യം ഉൾപ്പെടുത്തി മതിയായ തുക വകയിരുത്തി പ്രൊജക്ട് നടപ്പിലാക്കേണ്ടതാണ്. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-19 ശമ്പള പരിഷ്കരണ കുടിശ്ശിക നൽകിയത്- അപാകതകൾ

ഗ്രാമപ്പഞ്ചായത്തിലെ ജീവനക്കാരുടെ 2014 ശമ്പള പരിഷ്കരണ കുടിശ്ശികയിനത്തിൽ ആദ്യ രണ്ടു ഗഡു കുടിശ്ശികയായി 363490 രൂപ 26.03.2018 ലെ 170389 ചെക്ക് പ്രകാരം മാറിയെടുത്തിട്ടുണ്ട്. എന്നാൽ വൗച്ചറുകൾ ഓഡിറ്റ് വേളയിൽ ഹാജരാക്കിയിരുന്നില്ല. സമൻസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ കുടിശ്ശികയുടെ ഡ്യൂ -ഡ്രോൺ സ്റ്റേറ്റ്മെന്റ് ഓഫീസിൽ ഹാജരാക്കിയിരുന്നു. പ്രസ്തുത വ്യക്തികൾ നിലവിൽ നാറാണം മൂഴി ഗ്രാമപ്പഞ്ചായത്തിലല്ല ജോലി ചെയ്യുന്നത് എന്നതിനാൽ ടിയാളുകളുടെ സേവന പുസ്തകം പരിശോധനയ്ക്ക്

ലഭ്യമാക്കിയരുന്നില്ല. ഡ്യൂ- ഡ്രോൺ സ്റ്റേറ്റ്മെന്റിന്റെ പ്രാഥമിക പരിശോധന നടത്തിയതിൽ ശ്രീമതി ദീപ എം.നായർ,അക്കൗണ്ടന്റ്,ശ്രീ പ്രദീപ്.ആർ,സീനിയർ ക്ളർക്ക് എന്നിവർക്ക് കടിശ്ശിക നൽകിയതിൽ അപാകതകൾ ഉള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1.ദീപാ എം.നായർ, സീനിയർ ക്ലർക്ക്

ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റ് പ്രകാരം 2015 ജൂലൈ മാസം മുതൽ ടിയാളുടെ ശമ്പളത്തിൽ വർദ്ധന ഉണ്ടായതായി കാണുന്നു. ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

2015 ജൂൺ മാസത്തെ അർഹതപ്പെട്ട അടിസ്ഥാന ശമ്പളമായി കാണിച്ചിട്ടുള്ളത് 29900 രൂപയും ജൂലൈ മാസത്തേത് 32300 രൂപയുമാണ്. ശമ്പളത്തിൽ മൂന്ന് ഇൻക്രിമെന്റ് അധികം നൽകിയിട്ടുണ്ട്. എന്നാൽ പഴയ ശമ്പള സ്കെയിലിൽ വാങ്ങിയതായി കാണിച്ചിട്ടുള്ളത് ജൂൺ മാസത്തിൽ 14980 രൂപയും ജൂലൈ മാസത്തിൽ 15380 രൂപയുമാണ്. ഇതേ ശമ്പളം തന്നെയാണ് 2016 ജനവരി മാസം വരേയും കൈപ്പറ്റിയതായി കാണിച്ചിട്ടുള്ളത്. ഒരു ഇൻക്രിമെന്റിന്റെ മാത്രം വ്യത്യാസമാണ് പഴയ സ്കെയിലിൽ വാങ്ങിയ ശമ്പളത്തിൽ കാണിച്ചിട്ടുള്ളത്. ഇക്കാരണത്താൽ ടിയാൾ കുടിശ്ശിക അധികമായി കൈപ്പറ്റിയിട്ടുണ്ട്.

2. പ്രദീപ് എസ്സ്.ആർ, സീനിയർ ക്ലർക്ക്

പുതുക്കിയ ശമ്പള സ്കെയിലിൽ 2014 ഒക്ടോബർ മാസത്തെ അടിസ്ഥാന ശമ്പളം 22200 രൂപയും നവംബർ മാസത്തേത് സീനിയർ ക്ലർക്ക് തസ്തികയിലെ അടിസ്ഥാന ശമ്പളമായ 25200 രൂപയുമായാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ഡ്യൂ- ഡ്രോൺ സ്റ്റേറ്റ്മെന്റ് പ്രകാരം പഴയ സ്കെയിലിൽ ഒക്ടോബർ മാസത്തെ അടിസ്ഥാന ശമ്പളം 12550 രൂപയും നവംബർ മാസത്തേത് 12880 രൂപയുമാണ്. ഒരു ഇൻക്രിമെന്റിന്റെ മാത്രം വ്യത്യാസമാണ് ശമ്പളത്തിൽ ഉണ്ടായതായി കാണിച്ചിട്ടുള്ളത്. 01.07.2015 പ്രാബല്യത്തിൽ മാത്രമാണ് സീനിയർ ക്ലർക്ക് തസ്തികയിലെ അടിസ്ഥാന ശമ്പളം അനുവദിച്ചിട്ടുള്ളത്. ആർജ്ജിതാവധി സറണ്ടർ കുടിശ്ശിക നൽകിയതിലും ഈ വ്യത്യാസം ഉണ്ട്.

മേൽ ജീവനക്കാർക്ക് ശമ്പളക്കുടിശ്ശിക നൽകിയതിലെ അപാകതകൾ പരിശോധിക്കുന്നതിനും അധികം കുടിശ്ശിക വാങ്ങിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കുന്നതിനും ഭരണ വകുപ്പ് (ഡി.ഡി.പി)തലത്തിൽ നടപടി സ്വീകരിക്കേണ്ടതും വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 449068 | ക്ഷീര സംഘങ്ങളിലെ പാൽ അളക്കുന്ന കർഷകർക്ക് സബ്സിഡി | 449068 | - |
| ബ്ലോക്ക് പഞ്ചായത്ത് | 75000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 75000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 122233 | അങ്കണവാടി പോഷകാഹാരം | 122233 | - |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|
| കെ.എസ്സ്.ഇ.ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ | 1079195 | 1079195 | പൂർത്തീകരണ വിവരം ലഭ്യമല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2017-18 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

**(ii)** വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇല്ല | | | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷാരംഭത്തിലുണ്ടായ നിക്ഷേപം | തൻവർഷം നിക്ഷേപിച്ച തുക | ആകെ | തന്നാണ്ടിൽ പിൻവലിച്ച തുക | വർഷാരംഭത്തിൽ അവശേഷിക്കുന്ന സ്ഥാര നിക്ഷേപം |
|---|---|---|---|---|
| ഇല്ല | | | | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| ഇല്ല | | | | |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം പ്രകാരം ഗ്രാമപ്പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമപ്പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക്ഓഡിറ്റിന് സമർപ്പിച്ചതിന്റെ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | നാറാണംമൂഴി പി.എച്ച്.സി | | 2017-18 വർഷത്തെ കണക്കുകൾ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല. | | 2012-13 മുതൽ 2015-16 വരെ | കെ.എസ്.എ.പി.റ്റി.എ.പി3/26/2016 തീയതി 11.01.2016 | |
| 2 | ഗവ.ആയുർവേദ ആശുപത്രി, കടമുരുട്ടി | | 2017-18 വർഷത്തെ കണക്കുകൾ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല. | | 2010-11 മുതൽ 2014-15 വരെ | കെ.എസ്.എ.പി.റ്റി.എ.പി3/56/2016 തീയതി 21.03.16 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79582953 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72167477 |
| വരവിനങ്ങളിലുള്ള നഷ്ടം | 34470 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 103246 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3114391 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ ഉക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-3 | 34470 | | ശ്രീമതി ഉഷ.സി.കെ, അസിസ്റ്റന്റ് എൻജിനീയർ |
| 3-9(1) | | 25000 | ശ്രീകുമാർ,കൃഷി ഓഫീസർ |
| 3-9(2) | | 15550 | ശ്രീകുമാർ,കൃഷി ഓഫീസർ |
| 3-9(3) | | 1875 | ശ്രീകുമാർ,കൃഷി ഓഫീസർ |
| 3-10 | | 50000 | അന അജയൻ, വി.ഇ.ഒ |
| 3-16 | | 10871 | അഖില.കെ.എം, ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ |
| ആകെ | 34470 | 103246 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2706275 | ശ്രീമതി ഉഷ.സി.കെ, അസിസ്റ്റന്റ് എൻജിനീയർ |
| 3-6 | 133453 | മെഡിക്കൽ ഓഫീസർ |
| 3-11 | 24720 | എൻ.കുമാരസ്വാമി, സെക്രട്ടറി |
| 3-13 | 249943 | കുമാരസ്വാമി.എൻ, സെക്രട്ടറി |
| ആകെ | **3114391** | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കുമാരസ്വാമി.എൻ, സെക്രട്ടറി | വിരമിച്ചു | അരിപ്പാട്ട് വീട്<br>മാരാമൺ.പി.ഒ<br>പത്തനംതിട്ട 689549 |
| അന അജയൻ,വി.ഇ.ഒ | വി.ഇ.ഒ<br>നാറാണംമൂഴി ഗ്രാമപ്പഞ്ചായത്ത് | അദ്വൈതം<br>മൈലപ്ര ടൗൺ.പി.ഒ<br>പത്തനംതിട്ട |
| ശ്രീകുമാർ<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>സീതത്തോട് | ശ്രീസരസ്സ്<br>കോട്ട.പി.ഒ<br>പത്തനംതിട്ട 689504 |
| അഖില.കെ.എം,<br>ഐസി.ഡി.എസ്സ് സൂപ്പർവൈസർ | ഐസി.ഡി.എസ്സ് സൂപ്പർവൈസർ<br>ഐ.സി.ഡി.എസ്സ് പ്രോജക്ട് ഓഫീസർ, പന്തളം | കിഴക്കേ കൊല്ലിരേത്ത്<br>എം.എസ്സ്.എം പി.ഒ<br>പന്തളം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഏറ്റവും ഒടുവിൽ നടത്തിയ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 (ജനകീയാസൂത്രണം) | നം.എൽ.എഫ്.പി.റ്റി.എ.പി.4/147/06 തീ.30.6.06 | 2,ഖ2-7,2-9 |
| 2001-02 (ജനകീയാസൂത്രണം ഒഴികെ ചെലവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.4/318/04 തീ.15.10.04 | 1,ഖ.10(2) |
| 2001-02 വരവ് | നം.എൽ.എഫ്.പി.റ്റി.എ.പി8/135/12, തീ. 03.03.12 | 3,ഖ.2-7,2-8,2-9 |
| 2002-03 (വരവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.8/136/12 തീ.3.3.12 | 1,ഖ.2-4 |
| 2002-03 (ചെലവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.4/208/07 തീ.14.3.07 | 23,ഖ.2-7,2-12,2-13,<br>2-15(1)മുതൽ 2-15(19) വരെ |
| 2003-04 | നം.എൽ.എഫ്.പി.റ്റി.എ.പി.5/773/08 തീ.6.10.09 | 8,ഖ.2-3,3-1മുതൽ 3-5 വരെ,3-8(3),3-10 |
| 2004-05 | നം.എൽ.എഫ്.പി.റ്റി.എ.പി.5/774/08 തീ.6.10.09 | 11,ഖ2-3,2-3(6),2-5(എ),2-5(ബി),3-2,3-3,3-5,3-7,3-9,3-10,3-11 |
| 2005-06 | നം.എൽ.എഫ്.പി.റ്റി.എ.പി.8/1103/11 തീ.5.1.12 | 7,ഖ3-1,3-2,3-3,3-5,3-7 |
| 2006-07 | നംഎൽ.എഫ്.പി.റ്റി.എ.പി.8/1104/11 തീ.5.1.12 | 9,ഖ2-1,2-2,3-1.3-2,3-3,3-5,3-6,3-8 |
| 2007-08 | നം.എൽ.എഫ്.പി.റ്റി.എ.പി.8-1105/11 തീ.2.1.12 | 2,ഖ3-3,3-4 |
| 2008-09 | നം.എൽ.എഫ്.പി.റ്റി.എ.പി.8-1106/11 തീ.2.1.12 | 8,ഖ2-1,3-2,3-3,3-5,3-7,3-9,3-10,3-11 |
| 2009-10 to 2011-12 | നം.എൽ.എഫ്.പി.റ്റി.എ.പി.6-966/13 തീ.12.2.14/18.03.2014 | 17,ഖ2-2,2-4,3-1,3-3,3-4,3-7,3-9,3-10,3-15,3-16,3-17,3-18,3-19,3-21,3-22,3-24,3-25 |
| 2012-13 | നം.എൽ.എഫ്.പി.റ്റി.എ. പി.6-158/15 തീ.13.3.15 | 6,ഖ3-6 മുതൽ 3-12 വരെ |
| 2013-14 & 2014-15 | നം.കെ എസ് എ പിറ്റിഎ പി6/3/2016 തീ.16.01.2016 | 15,ഖ2-1,3-2മുതൽ 3-10 വരെ, 3-18 മുതൽ 3-21 വരെ,3-24 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി6/1280 /2016, തീ. 05.12.2016 | 6,ഖ2-1,2-4,2-5,3-5,3-6,3-7 |
| 2016-17 | നം.കെ.എസ്.എ.പി.റ്റി.എ.പി6/1180 /2017, തീ.28.10.2017 | 39, 1-3, 1-5,<br>2-2 മുതൽ 2-6 വരെ, 3-2 മുതൽ 3-4 വരെ , 3-6 മുതൽ 3-22 വരെ , 3-24 മുതൽ 3-27 വരെ, 3-29, 3-31, 3-32, 3-33, 3-35, 3-36 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി6/131/19 തീയതി: 12.03.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമ പഞ്ചായത്തിന്റെ 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നാറാണംമൂഴി ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# Annexure-1

# AUDIT CERTIFICATE

No.K.S.A.PTA.P6/131/19 Dated: 12.03.2019

Certified that I have examined the Annual Financial Statement of Naranammoozhy Grama Panchayat in Pathanamthitta District for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Naranammoozhy Gramma Panchayat for the year 2017-18 except the obeservations in my report properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director(H.G)

Kerala State Audit Department

Pathanamthitta